**നക്ഷത്രഫലം 2024**

(അശ്വതി മുതൽ രേവതി വരെയുള്ള നക്ഷത്രക്കാർക്ക് 2024 വർഷത്തെ ഓരോ മലയാള മാസവും അനുഭവപ്പെടാവുന്ന ഫലങ്ങൾ)

തയാറാക്കിയത്: കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

**(2024 ജനുവരി 1 മുതൽ ഓഗസ്റ്റ് 16 വരെയുള്ള ഫലങ്ങളാണ് ഇതോടൊപ്പമുള്ളത്. ഓഗസ്റ്റ് 17 മുതൽ ഡിസംബർ 31 വരെയുള്ള ഫലങ്ങൾ പിന്നീട് ഉൾപ്പെടുത്തും.)**

അശ്വതി

ധനുമാസം (2024 ജനുവരി 14 വരെ)
• അദൃശ്യമായ ഈശ്വരസാന്നിധ്യത്താൽ ആശ്ചര്യമനുഭവപ്പെടും. തൊഴിൽമേഖലകളോടൊപ്പം മാതാപിതാക്കളുടെ സംരക്ഷണത്തിനു പ്രാധാന്യം നൽകും. പുണ്യതീർഥഉല്ലാസവിനോദയാത്രകൾ മംഗളകരമാക്കുവാൻ സാധിക്കും. ഗർഭിണികൾക്കു വിശ്രമം വേണ്ടിവരും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• വിവിധങ്ങളും വ്യത്യസ്തങ്ങളുമായ പ്രവൃത്തികൾ സമയബന്ധിതമായി ചെയ്യാനുള്ള പദ്ധതികൾ ലക്ഷ്യപ്രാപ്തി നേടും. പഠിച്ച വിഷയത്തോടനുബന്ധമായ ഉദ്യോഗം ലഭിക്കും. വ്യാപവിപണനവിതരണമേഖലകളിൽ പുതിയ ആശയം അവലംബിക്കും. ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങൾക്കു നേതൃത്വം നൽകുവാനിടവരും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• വിരോധികളായിരുന്ന പലരും സൗഹൃദത്തിലേക്കു തിരിച്ചുവരും. വിൽപനോദ്ദേശ്യത്തോടു കൂടി ഭൂമി വാങ്ങുവാനിടവരും. അഭയം പ്രാപിച്ചു വരുന്നവർക്ക് ആശ്രയം നൽകും. ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും. വ്യാപാര വിപണനവിതരണ മേഖലകളിൽ പുരോഗതിയുണ്ടാകും. മൂത്രാശയരോഗപീഡകൾ കൂടാതിരിക്കാൻ ശ്രദ്ധിക്കണം.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
അവിചാരിത ചെലവുകളാൽ നീക്കിയിരുപ്പു കുറയും. വീഴ്ചകളുണ്ടാകാതെ സൂക്ഷിക്കണം. ശ്രദ്ധക്കുറവു കൊണ്ടും മറവി കൊണ്ടും നല്ല തൊഴിലവസരങ്ങൾ നഷ്ടപ്പെടാനിടയുണ്ട്. കരുതൽ വേണം. നാഡീരോഗപീഡകളാൽ അസ്വാസ്ഥ്യമനുഭവപ്പെടും. ഇനിയൊരു വർഷം സാമ്പത്തികനിയന്ത്രണം വേണ്ടിവരും എന്ന ധാരണയോടു കൂടി എല്ലാ മേഖലകളിലും ശ്രദ്ധിച്ചുതുടങ്ങും. വിനോദയാത്രകളിൽ അമിതാവേശം വേണ്ട. അമിതവേഗമുള്ള വാഹനഉപയോഗവും ഒഴിവാക്കണം.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും. നിർത്തിവച്ച വിദേശബന്ധ വ്യാപാരവിപണനങ്ങൾ പുനരാരംഭിക്കും. അന്യദേശത്തു വസിക്കുന്നവർക്കു തൊഴിൽപരമായ അനിശ്ചിതാവസ്ഥ ഒഴിഞ്ഞുമാറി വീടു വാങ്ങി താമസമാക്കാൻ സാധിക്കും. ദമ്പതികൾക്ക് ഒരുമിച്ചു താമസിക്കുവാൻ തക്കവണ്ണമുള്ള സാഹചര്യവും ഉദ്യോഗമാറ്റവും ഉണ്ടാകും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• ഈശ്വരപ്രാർഥനകളാലും വിദഗ്ധചികിത്സകളാലും വിശ്രമത്താലും സന്താനഭാഗ്യമുണ്ടാകും. ശ്രമകരമായ പ്രവർത്തനങ്ങൾ മൂലം വിജയപഥത്തിലെത്താൻ കഴിയും. വിദ്യാർഥികൾക്കു പരീക്ഷകളിൽ അറിവുള്ളതിനെക്കാൾ ഭംഗിയായി അവതരിപ്പിക്കാൻ സാധിച്ചതിൽ ആശ്ചര്യമനുഭവപ്പെടും. വാഹനം മാറ്റി വാങ്ങാനിടവരും. ഉദ്ദേശിച്ച വിഷയത്തിൽ വിദ്യാലയത്തിൽ ഉപരിപഠനത്തിനു ചേരും. വിദേശത്തുള്ളവർക്കു സ്ഥിരതാമസത്തിനുള്ള അനുമതി ലഭിക്കും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• നിർത്തിവച്ച കർമപദ്ധതികൾ പുനരാരംഭിക്കും. നിലവിലുള്ള പാഠ്യപദ്ധതി ഉപേക്ഷിച്ച് തൊഴിലധിഷ്ഠിത പാഠ്യപദ്ധതിയിൽ ചേരും. ഏറ്റെടുത്ത ദൗത്യം പൂർത്തിയാക്കാൻ അഹോരാത്രം പ്രയത്നിക്കും. പ്രലോഭനങ്ങളിൽ അകപ്പെടരുത്. കഴിവും അറിവും പ്രാപ്തിയും അവസരവും വന്നുചേർന്നാലും തൃപ്തിയായി അവതരിപ്പിക്കാൻ കഴിഞ്ഞെന്നുവരില്ല.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• ദീർഘകാല നിക്ഷേപമെന്ന നിലയിൽ ഭൂമി വാങ്ങാൻ അവസരമുണ്ടാകും. വർഷങ്ങൾക്കു ശേഷം ജന്മനാട്ടിലെ ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കാൻ കഴിയും. ബന്ധുവിനു സാമ്പത്തികസഹായം ചെയ്യുവാനിടവരും. കുടുംബാംഗങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിൽ കൃതാർഥതയുണ്ടാകും. ചിന്തകൾക്കതീതമായി പ്രവർത്തിക്കാൻ അവസരമുണ്ടാകും. ആഗ്രഹിച്ച സ്ഥാനമാനങ്ങളും മുടങ്ങിക്കിടപ്പുള്ള ആനുകൂല്യങ്ങളും ലഭിക്കും.

• • •

ഭരണി

ധനുമാസം (2024 ജനുവരി 14 വരെ)
• പ്രായോഗികവശം ചിന്തിച്ചു പ്രവർത്തിക്കുന്നതിനാൽ പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ കഴിയും. ആധ്യാത്മിക ആത്മീയ ചിന്തകളാൽ സേവനപ്രവർത്തനങ്ങളിൽ വ്യാപൃതനാകും. എല്ലാം ഭക്തിബഹുമാനത്തോടു കൂടി ചെയ്യും. അതുകൊണ്ട് അവയെല്ലാം വിജയിക്കും. മാതാപിതാക്കളെ ഒരുമിച്ചു താമസിക്കാൻ തക്കവണ്ണം ഉദ്യോഗം ക്രമീകരിക്കും. ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുവാനിടവരും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• വിജ്ഞാനം നേടാനും പകർന്നുകൊടുക്കാനും അവസരം വന്നുചേരുന്നതു പുതിയ ജീവിതത്തിനു വഴിയൊരുക്കും. തൃപ്തിയുള്ള വിഭാഗത്തിലേക്ക് ഉദ്യോഗമാറ്റമുണ്ടാകും. നിബന്ധനകൾക്കു വിധേയനായി പുതിയ പദ്ധതികൾ ഏറ്റെടുക്കും. കക്ഷിരാഷ്ട്രീയപ്രവർത്തനങ്ങളിൽ ഉത്സാഹത്തോടു കൂടി പ്രവർത്തിക്കുമെങ്കിലും അനുഭവഫലം കുറയും. വിവരസാങ്കേതികവിദ്യയിൽ പുതിയ കണ്ടെത്തലുകൾക്കു സാക്ഷിയാകും. അന്യരുടെ പണവും സ്വന്തം ആശയവും സമന്വയിപ്പിച്ചുചെയ്യുന്ന പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി നേടും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• ഗൗരവമുള്ള വിഷയങ്ങൾ തന്നതായ അർഥതലങ്ങളോടു കൂടി ലക്ഷ്യപ്രാപ്തിയിലെത്തിക്കാൻ സാധിക്കും. ആഗ്രഹങ്ങളും അഭിലാഷങ്ങളും സഫലമാകും.

വ്യാപാരവ്യവസായമേഖലകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കർമോത്സുകരായവരെ നിയമിക്കും. വ്യാപാര വിപണനമേഖലകളിൽ നിന്നു സാമ്പത്തികനേട്ടമുണ്ടാകും. ബന്ധുമിത്രാദികളോടൊപ്പം ആരാധനാലയ ദർശനത്തിനു യോഗമുണ്ട്.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• അർഥശൂന്യമായ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ ഉൾപ്രേരണയുണ്ടാകും. അനൗദ്യോഗികമായി സാമ്പത്തിക വരുമാനമുണ്ടാകുമെങ്കിലും ചെലവിനങ്ങളിൽ കൂടുതൽ ശ്രദ്ധ വേണം. ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി വ്യായാമപരിശീലനത്തിനു ചേരും. ശ്രദ്ധക്കുറവു കൊണ്ടു ദേഹത്തിൽ മുറിവുകൾ ഉണ്ടാകും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• സുതാര്യതയുള്ള സമീപനത്താൽ എതിർപ്പുകളെ അതിജീവിക്കാൻ സാധിക്കും. പുരോഗതിയില്ലാത്ത ഗൃഹം വിൽപന നടത്തി പണി ചെയ്തുവരുന്ന വീടു വാങ്ങുവാൻ സാധിക്കും. ആരോഗ്യം തൃപ്തികരമായിരിക്കും. ദീർഘവീക്ഷണമുള്ള പദ്ധതികൾ ഏറ്റെടുക്കും. പരീക്ഷ, ഇന്റർവ്യൂ, കലാകായികമത്സരങ്ങൾ തുടങ്ങിയവയിൽ തൃപ്തികരമായി അവതരിപ്പിക്കുവാൻ സാധിക്കും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• വലിയ വാഹനം വാങ്ങാൻ അവസരമുണ്ടാകും. നഷ്ടപ്പെട്ട രേഖകൾ തിരിച്ചുലഭിക്കും. ഔദ്യോഗികമായി മുടങ്ങിക്കിടപ്പുള്ള സ്ഥാനമാനങ്ങളും ആനുകൂല്യങ്ങളും മുൻകാലപ്രാബല്യത്തോടു കൂടിയ ശമ്പളവർധനയോടെ ലഭിക്കും. തൊഴിൽമേഖലകളിൽ നിന്നു സാമ്പത്തികനേട്ടമുണ്ടാകും. കൃഷിവകുപ്പിന്റെ സഹകരണത്തോടു കൂടി ആധുനികകൃഷിസമ്പ്രദായം നടപ്പാക്കും. തൊഴിലധിഷ്ഠിതമായ പാഠ്യപദ്ധതിയിൽ ചേരും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• വർഷങ്ങളായി അധഃപതിച്ചുകിടക്കുന്ന പ്രവർത്തനമണ്ഡലങ്ങൾക്കു പുനർജീവൻ നൽകുവാൻ സാധിക്കും. പരീക്ഷകളിൽ പ്രതീക്ഷിച്ചതിലുപരി വിജയശതമാനം ഉണ്ടാകുന്നതിനാൽ ഉദ്ദേശിച്ച വിഷയത്തിൽ വിദേശത്ത് ഉപരിപഠനത്തിനു ചേരും. ഉദ്യോഗത്തിൽ അധികാരപരിധിയും ചുമതലകളും കൂടും. മുൻകോപം നിയന്ത്രിക്കണം.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യസൗഖ്യവും ഉണ്ടാകും. പരിശ്രമസാഫല്യത്താൽ നേർന്നുകിടപ്പുള്ള വഴിപാടുകൾ ചെയ്തുതീർക്കും. കാലവർഷക്കെടുതി കൃഷിനാശത്തിനു വഴിയൊരുക്കും. മാതാവിന്റെ ആരോഗ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ വേണം. ചിലപ്പോൾ ആശുപത്രിവാസം വേണ്ടിവരും. വാഹനാപകടത്തിൽ നിന്നു രക്ഷപ്പെടും.

• • •

കാർത്തിക

ധനുമാസം (2024 ജനുവരി 14 വരെ)
• അവിചാരിതമായ ചെലവുകളാൽ പലപ്പോഴും കടം വാങ്ങേണ്ടിവരും. പുതിയ കർമപദ്ധതികൾ ഏറ്റെടുക്കുവാൻ ഇടവരുമെങ്കിലും സാമ്പത്തികവിഭാഗത്തിൽ നിന്നു പിന്മാറുകയാണു നല്ലത്. നിശ്ചയിച്ചുറപ്പിച്ച കാര്യങ്ങൾക്കു വ്യതിചലനം വന്നുചേരും. പിതാവിന് അസുഖം കൂടും. പരീക്ഷണനിരീക്ഷണങ്ങൾ, പദ്ധതിസമർപ്പണം എന്നിവ ഈ

മാസം അരുത്. മുൻകോപം നിയന്ത്രിക്കണം.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• പിതൃസ്വത്ത്രേഖാപരമായി ലഭിക്കും. ജീവകാരുണ്യപ്രവർത്തനങ്ങളിൽ സജീവസാന്നിധ്യം വേണ്ടിവരും. വർഷങ്ങൾക്കു ശേഷം പുണ്യതീർഥയാത്രയ്ക്ക് അവസരം വന്നുചേരും. ആധ്യാത്മികാത്മീയപ്രഭാഷണങ്ങൾ മനസ്സിനു സ്വസ്ഥതയ്ക്കു വഴിയൊരുക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• പൊതുപ്രവർത്തനങ്ങളിൽ ശോഭിക്കും. ആധുനികസംവിധാനവും പൗരാണിക സംസ്കാരവും സമന്വയിപ്പിച്ച പുതിയ പ്രവർത്തനങ്ങൾക്കു രൂപം നൽകും. വ്യാപാര വിപണന മേഖലകളിൽ അത്ഭുതപൂർവമായ വളർച്ച അനുഭവപ്പെടും. ഉഷ്ണരോഗപീഡകൾക്കു പ്രകൃതിചികിത്സകൾ ആരംഭിക്കും. സങ്കീർണമായ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ആർജവമുണ്ടാകും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• ഗുരുതരാവസ്ഥയിലുള്ള ബന്ധുവിനെ സന്ദർശിച്ച് സാന്ത്വനവചനങ്ങളും സാമ്പത്തികസഹായവും നൽകുവാനിട വരും. സുഖദുഃഖങ്ങൾ ഒരുപോലെ സ്വീകരിക്കാനുള്ള മാനസികാവസ്ഥ സംജാതമാകും. ആത്മവിമർശനങ്ങളാൽ പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കാൻ സാധിക്കും. വിനയം, ക്ഷമ, ആദരം, കാര്യനിർവഹണശേഷി തുടങ്ങിയ കഴിവുകളിലൂടെ സകല പ്രതിബന്ധങ്ങളെയും അതിജീവിക്കാൻ കഴിയും. ഈശ്വരപ്രാർഥനകളാൽ പരീക്ഷകളിൽ വേണ്ടവിധത്തിൽ അവതരിപ്പിക്കാൻ സാധിക്കും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• നിസ്സാരകാര്യങ്ങൾക്കു പോലും അഹോരാത്രം പ്രയത്നം വേണ്ടിവരും. സമയബന്ധിതമായ പ്രവർത്തനങ്ങൾ ചെയ്തുതീർക്കുവാൻ പരസഹായവും പ്രതീക്ഷിച്ചതിലുപരി പണച്ചെലവും അനുഭവപ്പെടും. വീഴ്ചകളുണ്ടാകാതെ സൂക്ഷിക്കണം. നിയമപരമല്ലാത്ത സാമ്പത്തിക ഇടപാടുകളിൽ നിന്നു പിന്മാറണം. അശ്രദ്ധ കൊണ്ട് അബദ്ധങ്ങൾ വന്നുചേരും. ചെലവിനങ്ങളിൽ വളരെ ശ്രദ്ധിക്കണം.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• ആശയവിനിമയങ്ങളിൽ അപാകതകൾ ഉണ്ടാകാതെ സൂക്ഷിക്കണം. സുദൃഢമായ തീരുമാനങ്ങൾ അവലംബിക്കാൻ ഉൾപ്രേരണയുണ്ടാകും. മേലധികാരിയുടെ ആജ്ഞകൾ അനുസരിക്കേണ്ടിവരും. പണം മുൻകൂട്ടി ചെലവാക്കിയുള്ള പ്രവൃത്തികളിൽ നിന്നു പിന്മാറുന്നതാണു നല്ലത്. ചർച്ചകൾ, പരീക്ഷ, ഇന്റർവ്യൂ, കലാകായികമത്സരങ്ങൾ തുടങ്ങിയവയിൽ തൃപ്തിയായി അവതരിപ്പിക്കാൻ സാധിക്കും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• ഉദ്യോഗമുപേക്ഷിച്ചോ ഉദ്യോഗത്തോടനുബന്ധമായോ ഉപരിപഠനത്തിനു ചേരുവാനിടവരും. പറയുന്ന വാക്കുകളിൽ അബദ്ധങ്ങൾ ഉണ്ടാകാതെ സൂക്ഷിക്കണം. കടം കൊടുത്ത സംഖ്യ ഗഡുക്കളായി തിരിച്ചുലഭിക്കും. മംഗളകർമങ്ങളിലും വിരുന്നുസൽക്കാരത്തിലും സജീവമായി പങ്കെടുക്കും. സമാനമനസ്കരുമായി സംയുക്ത കൃഷിരീതിക്കു തുടക്കം കുറിക്കും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• അപ്രധാനമായ കാര്യങ്ങളിൽ അനാവശ്യമായി ഇടപെടുന്നതു മൂലം സുപ്രധാനമായ പലതും നഷ്ടപ്പെടും. വിദഗ്ധ ചികിത്സകളാലും വിശ്രമത്താലും ഈശ്വരപ്രാർഥനകളാലും

സന്താന ഭാഗ്യമുണ്ടാകും. ഏറ്റെടുക്കുന്നതും ചെയ്യുന്നതുമായ പല കാര്യങ്ങളും സ്വന്തം നിലയിൽ നേട്ടമൊന്നുമില്ലെങ്കിലും പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകും എന്നറിഞ്ഞതിനാൽ കൃതാർഥതയുണ്ടാകും.

• • •

രോഹിണി

ധനുമാസം (2024 ജനുവരി 14 വരെ)
• നിലനിൽപിനു തടസ്സമായ പ്രവർത്തനങ്ങൾ എല്ലാ വിഭാഗത്തിൽ നിന്നുമുണ്ടാകുമെങ്കിലും ആത്മധൈര്യത്തോടു കൂടി പ്രവർത്തിച്ചാൽ അതിജീവിക്കാൻ കഴിയും. വിദേശത്തുള്ളവർക്ക് അവധിയിൽ വരുന്ന സാഹചര്യത്തിലും ഉദ്യോഗകാര്യങ്ങളിൽ ശ്രദ്ധ വേണം. അമ്മയുടെ ആരോഗ്യകാര്യങ്ങളിൽ ജാഗ്രത വേണം. പൂർവികസ്വത്തിന്റെ രേഖാപരമായ കാര്യങ്ങൾക്കു ധാരാളം പ്രയത്നം വേണ്ടിവരും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• പലവിധ വിശേഷ അവസരങ്ങൾക്കും ഉത്സവാഘോഷങ്ങൾക്കുമായി പലപ്പോഴുമായി ജന്മനാട്ടിൽ വന്നു പോകുവാനിടവരും. ഒരു പരിധിയിലധികം പണം കുറച്ച് ഏറ്റെടുക്കുന്ന കർമപദ്ധതികൾ നഷ്ടങ്ങൾക്കു വഴിയൊരുക്കും. മാതാപിതാക്കളുടെ സംരക്ഷണം എന്ന ലക്ഷ്യം നിർവഹിക്കാൻ താമസസ്ഥലത്തോടനുബന്ധമായി വീടു വാങ്ങാൻ ധാരണയാകും. ദാനധർമങ്ങൾക്കു സർവാത്മനാ സഹകരിക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• മാതാപിതാക്കളുടെ ആഗ്രഹങ്ങൾ സാധിപ്പിക്കും. ഒട്ടേറെ ചുമതലകൾ ഏറ്റെടുക്കേണ്ടിവരും. ഉദ്യോഗത്തിൽ സ്ഥലംമാറ്റവും സ്ഥാനക്കയറ്റവും ഉണ്ടാകും. വ്യാപാരത്തിൽ പുരോഗതിയുണ്ടാകും. കുടുംബസമേതം വിദേശത്തു സ്ഥിരതാമസമാക്കുവാനുള്ള അനുമതി ലഭിക്കും. പരീക്ഷകൾക്ക് മുന്നോടിയായി പ്രത്യേക ഈശ്വരപ്രാർഥനകളും വഴിപാടുകളും നടത്തുവാനിടവരും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• വിവിധങ്ങളും വ്യത്യസ്തങ്ങളുമായ ആശയങ്ങൾ വന്നുചേരുമെങ്കിലും വിദഗ്ധ ഉപദേശം തേടുകയാകും നല്ലത്. വ്യക്തിപ്രഭാവത്താലും സുതാര്യതയുള്ള സമീപനത്താലും ദുഷ്പ്രചാരണങ്ങൾ നിഷ്പ്രഭമാകും. ഉദ്യോഗം ഉപേക്ഷിച്ച് ലാഭശതമാനവ്യവസ്ഥയിലുള്ള വ്യാപാര വ്യവസായങ്ങൾ തുടങ്ങും. വികസിതരാഷ്ട്രത്തിൽ ഉപരിപഠനത്തിനെത്തിയവർക്ക് തൃപ്തിയായ ഉദ്യോഗം ലഭിക്കും. ആത്മവിശ്വാസത്തോടുകൂടി പരീക്ഷയെഴുതുവാൻ സാധിക്കും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• കക്ഷിരാഷ്ട്രീയ മത്സരങ്ങളിൽ വിജയസാധ്യത കുറയും. വർഷങ്ങൾക്കു ശേഷം ജന്മനാട്ടിലേക്കുള്ള പുനരധിവാസത്തിന് അകാരണതടസ്സങ്ങൾ അനുഭവപ്പെടും. അധികൃതരുടെ ആജ്ഞകൾ അർധമനസ്സോടു കൂടി ചെയ്തുതീർക്കും. ചില സംയുക്തസംരംഭങ്ങളിൽ നിന്നു പിൻമാറാനിടവരും. ജീവിതനിലവാരം ഉയരുമെങ്കിലും അമിതമായ ചെലവുകൾ ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• സുഖദുഃഖങ്ങൾ ഒരുപോലെ സ്വീകരിക്കാനുള്ള മാനസികാവസ്ഥ വന്നുചേരും. ഉത്സാഹം, കാര്യനിർവഹണശേഷി, ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനശൈലി തുടങ്ങിയവ സർവാദരങ്ങൾക്കും വഴിയൊരുക്കും. കുടുംബത്തിൽ സ്വസ്ഥതയും

സമാധാനവും ദാമ്പത്യസൗഖ്യവും ഉണ്ടാകും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)

• ആഗ്രഹിക്കുന്ന കാര്യങ്ങൾ സാധിക്കുമെങ്കിലും അമിതമായ ആത്മപ്രശംസ ഉപേക്ഷിക്കണം. വ                    ിദേശബന്ധമുള്ള വ്യാപാര വിതരണ [illegible] വിഷയത്തിൽ നിന്നു വ്യതിചലിച്ച് ഉപരിപഠനത്തിനു ചേരേണ്ടിവരും. നൂതനകൃഷിരീതി അവലംബിക്കും. പരീക്ഷണനിരീക്ഷണങ്ങളിൽ വിജയിക്കും. മംഗളകർമങ്ങളിലും വിരുന്നുസൽക്കാരത്തിലും പങ്കെടുത്ത് ഉന്നതരെ പരിചയപ്പെടുവാൻ അവസരമുണ്ടാകും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)

• അറിയാത്ത കാര്യങ്ങളിൽ അഭിപ്രായം പറഞ്ഞ് അബദ്ധം പറ്റാതിരിക്കാൻ പ്രത്യേകം കരുതൽ വേണം.
തൊഴിൽ മേഖലകളോടു ബന്ധപ്പെട്ട് മാനസികസമ്മർദം കൂടും. ക്ഷമിക്കാനും സഹിക്കാനുമുള്ള കഴിവ് അബദ്ധങ്ങളെ അതിജീവിക്കുന്നതിന് ഉപകരിക്കും. വ്യവസ്ഥകൾ പാലിക്കാൻ നിർബന്ധിതനാകും. വിദഗ്ധചികിത്സകളാലും വ്യായാമത്താലും ആരോഗ്യം നിലനിർത്തുവാൻ സാധിക്കും.

•••

മകയിരം

ധനുമാസം (2024 ജനുവരി 14 വരെ)

• സാമ്പത്തികവിഷയത്തിൽ വളരെ ശ്രദ്ധയും സൂക്ഷ്മതയും വേണം.
സംസ്കാരശൂന്യരുമായുള്ള ആത്മബന്ധത്തിൽ നിന്നു പിന്മാറുവാൻ ഉൾപ്രേരണയുണ്ടാകും. തൊഴിൽമേഖലകളിലുള്ള സമ്മർദം, രക്തസമ്മർദം, മനോബലക്കുറവ് തുടങ്ങിയവയ്ക്കെതിരെ കരുതൽ വേണം. ജീവിതപങ്കാളിയുടെ നിർദേശങ്ങൾ നിർണായകമായ തീരുമാനങ്ങൾക്ക് ഉപകരിക്കും. ഹ്രസ്വകാല കൃഷിരീതികൾ അവലംബിക്കും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)

• ചിന്തകൾക്കതീതമായി പ്രവർത്തിക്കാൻ സാധിക്കും. ആഗ്രഹിച്ച വിദേശയാത്ര സഫലമാകും. വിശ്വാസയോഗ്യമായ പ്രവർത്തനങ്ങളിൽ ആത്മാർഥമായി സഹകരിക്കും. സ്വന്തം ഉത്തരവാദിത്തങ്ങൾ അന്യരെ ഏൽപിക്കുന്നത് അബദ്ധമാകും. പണം കടംകൊടുക്കരുത്. വാങ്ങാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ രേഖകൾ സൂക്ഷ്മമായി പരിശോധിക്കണം. ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)

• വർഷങ്ങൾക്കു ശേഷം ജന്മനാട്ടിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുവാനിടവരും. വ്യക്തിസ്വാതന്ത്ര്യത്താൽ പുതിയ ഭരണപരിഷ്കാരം അവലംബിക്കും. കക്ഷിരാഷ്ട്രീയപ്രവർത്തനങ്ങളിൽ ഉത്സാഹത്തോടു കൂടി പ്രവർത്തിക്കുമെങ്കിലും അനുഭവഫലം കുറയും. വേണ്ടപ്പെട്ടവരുടെ അകാലവിയോഗം ഗതകാലസ്മരണകൾ ഓർമിക്കാൻ വഴിയൊരുക്കും. ജീവകാരുണ്യപ്രവർത്തനങ്ങൾക്കും ധർമപ്രവൃത്തികൾക്കും സർവാത്മനാ സഹകരിക്കും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)

• ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും. പരമ്പര-        ാഗത പാരമ്പര്യ പ്രവൃത്തികളുടെ പ്രാധാന്യം മനസ്സിലാക്കി പ്രവർത്തിക്കും. ന്യായമായ ആവശ്യങ്ങൾ പരിഗണിച്ചു നടപ്പിലാക്കിയ മേലധികാരിയോട് ആദരം തോന്നും. പഠിച്ച

വിഷയത്തോടനുബന്ധമായ ഉദ്യോഗം ലഭിക്കും. വിദേശത്ത് ഉപരിപഠനത്തിന് എത്തിയവർക്ക് പ്രത്യേക ജാഗ്രത വേണം. പണി ചെയ്തുവരുന്ന ഗൃഹം വാങ്ങുവാൻ തയാറാകും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)

• വർഷങ്ങൾക്കു ശേഷം യാഥാർഥ്യം മനസ്സിലാക്കിയ സഹോദരങ്ങൾ സൗഹൃദബന്ധത്തിലേക്കു വരും. അർഹമായ പൂർവികസ്വത്ത് രേഖാപരമായി ലഭിക്കും. ആത്മാർഥമായ പ്രവർത്തനങ്ങളിലൂടെ അധികൃതരുടെ പ്രീതി നേടും. കീഴ്ജീവനക്കാരുടെ അശ്രദ്ധ കൊണ്ടു വന്നുചേരുന്ന അബദ്ധങ്ങൾ തിരുത്തുവാനുള്ള സാഹചര്യം പലപ്പോഴുമുണ്ടാകും. സങ്കീർണമായ പ്രശ്നങ്ങൾ പ്രവൃത്തിപരിചയത്താൽ പരിഹരിക്കാൻ സാധിക്കും. കാർഷികവിളകളിൽ നിന്നു സാമ്പത്തികപുരോഗതിയുണ്ടാകയാൽ ദീർഘകാല കൃഷികൾക്കു തുടക്കം കുറിക്കും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)

• വിദഗ്ധ ചികിത്സകളാലും വിശ്രമത്താലും ആരോഗ്യം തൃപ്തികരമായിരിക്കും. വ്യാപാരത്തിൽ മാന്ദ്യം അനുഭവപ്പെടും. അമിതവേഗത്തിലുള്ള വാഹന ഉപയോഗം നിയന്ത്രിക്കണം. വരവും ചെലവും തുല്യമായിരിക്കും. നിയുക്തപദവിക്കു സ്ഥാനചലനം ഉണ്ടാകുമെന്നറിഞ്ഞതിനാൽ മറ്റു ജോലികൾക്ക് അപേക്ഷ നൽകും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)

• സുദീർഘമായ ചർച്ചയിലൂടെ സുവ്യക്തവും സുദൃഢവുമായ തീരുമാനങ്ങൾ വന്നുചേരും. സഹജമായ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരമുണ്ടാകും. കരാർ ജോലികളിൽ അധ്വാനഭാരവും അവിചാരിതച്ചെലവുകളും കൂടും. ആരോഗ്യം തൃപ്തികരമായതിനാൽ യാത്രകൾ പുനരാരംഭിക്കും. ചർച്ചകൾ വിജയിക്കും. കലാകായികമേഖലകളിൽ പ്രവർത്തിക്കുന്നവർ പുതിയ പരിശീലനം തുടങ്ങിവയ്ക്കും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)

• അനുബന്ധഭൂമി വാങ്ങുവാനിടവരും. അഭിപ്രായസമന്വയത്തോടു കൂടിയ സമീപനം സർവർക്കും സ്വീകാര്യമാകും. അന്യദേശത്തോ വിദേശത്തോ ഉദ്ദേശിച്ച വിഷയത്തിൽ ഉപരിപഠനത്തിനു പ്രവേശനം ലഭിക്കും. വിജ്ഞാനികളുടെ വചനങ്ങൾ പലപ്പോഴും യുക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ ഉപകരിക്കും. സാമ്പത്തികനിയന്ത്രണത്തിന്റെ ഭാഗമായി ചില കാര്യങ്ങൾ ഒഴിവാക്കുവാൻ തീരുമാനിക്കും.

•••

തിരുവാതിര

ധനുമാസം (2024 ജനുവരി 14 വരെ)

• താങ്ങും തണലുമായി പ്രവർത്തിക്കുന്നവരെ അനുമോദിക്കുവാനവസരമുണ്ടാകും. കലാകായികരംഗങ്ങൾ, നറുക്കെടുപ്പ്, സമ്മാനപദ്ധതികൾ തുടങ്ങിയവയിൽ വിജയിക്കും. ജീവിതപങ്കാളിയുടെ കൂടെ ഒരുമിച്ച് താമസിപ്പിക്കുവാൻ തക്കവണ്ണം തൊഴിൽ ക്രമീകരിക്കും. പ                ു –        ണ്യതീർഥ ഉല്ലാസ വിനോദയാത്രകൾക്ക് അവസരമുണ്ടാം

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)

• പണം കടം കൊടുക്കുക, കടം വാങ്ങുക, ജാമ്യം നിൽക്കുക, കുറി ചേരുക, സ്വന്തം ഉത്തരവാദിത്തങ്ങൾ അന്യരെ ഏൽപിക്കുക, മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടുക തുടങ്ങിയ കാര്യങ്ങളിൽ കൂടുതൽ ജാഗ്രത വേണം. ആഹാരപദാർഥങ്ങളിലുള്ള

അപാകതകളാൽ അസ്വാസ്ഥ്യമനുഭവപ്പെടും. അന്ധ ി ഖ ാത നീർദോഷ രോഗങ്ങൾ കൂടാനിടയുണ്ട്. പിതാവിന് ആശുപത്രിവാസം വേണ്ടിവരും. ചെയ്യാത്ത കുറ്റത്തിന് അപരാധം കേൾക്കുവാനിടവരും. പ്രത്യേക ശ്രദ്ധ വേണം.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)

• മാതാപിതാക്കളുടെ ഇഷ്ടമനുസരിച്ച് പ്രവർത്തിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. ആധ്യാത്മിക ആത്മീയപ്രഭാഷണങ്ങൾ ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള മനസ്സിന്റെ കഴിവിനെ ഉണർത്തും. അന്യരുടെ വിഷമാവസ്ഥകൾക്ക് ശാശ്വതപരിഹാരം നിർദേശിക്കുവാൻ സാധിക്കും. പദ്ധതി ആസൂത്രണവിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ കഴിവിന്റെ പരമാവധി പ്രയത്നിക്കും. ജന്മനാട്ടിലെ ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)

• ഉപരിപഠനത്തോടനുബന്ധമായ ഉദ്യോഗം ലഭിക്കും. ഭരണസംവിധാനത്തിലുള്ള ആശയക്കുഴപ്പം പരിഹരിച്ച് പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കും. നിയുക്തപദവിയിൽനിന്നു സ്ഥാനക്കയറ്റവും സ്ഥാനചലനവും ഉണ്ടാകും. ശുഭകർമങ്ങൾക്കും സൽക്കർമങ്ങൾക്കും ആത്മാർഥമായി സഹകരിക്കും. അധികാരപരിധി വർധിക്കുന്നതിനാൽ കീഴ്ജീവനക്കാരെ നിയമിക്കും. ആഗ്രഹിച്ചതുപോലെ സന്താനഭാഗ്യമുണ്ടാകും. ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും പരീക്ഷണനിരീക്ഷണങ്ങളിൽ പ്രശസ്തവിജയം ഉണ്ടാകും. പദ്ധതിസമർപ്പണത്തിൽ അനുകൂല പ്രതികരണങ്ങൾ വന്നുചേരും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)

• വിദ്യാർഥികൾക്ക് ഉത്സാഹവും ഉന്മേഷവും പരീക്ഷയിൽ ഉന്നതവിജയവും ഉണ്ടാകും. പ്രത്യുപകാരം ചെയ്യുവാൻ അവസരമുണ്ടാകും. പ്രാദേശിക പിന്തുണ ലഭിച്ചതിനാൽ കക്ഷിരാഷ്ട്രീയമത്സരത്തിൽ വിജയിക്കും. അവഗണിക്കപ്പെട്ട വിഷയങ്ങൾ പരിഗണിക്കപ്പെടുന്നതിനാൽ ആശ്വാസമുണ്ടാകും. കടംകൊടുത്ത സംഖ്യ തിരിച്ചുലഭിക്കും. വിദേശത്ത് വസിക്കുന്ന പുത്രപൗത്രാദികളോടൊപ്പം ഓണമാഘോഷിക്കുവാൻ യാത്ര പുറപ്പെടും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)

• അമിതാവേശം നിയന്ത്രിക്കണം. വരവും ചെലവും തുല്യമായിരിക്കും. ഉദ്യോഗമുപേക്ഷിച്ച് വ്യാപാര വിപണനമേഖലകളിൽ പണം മുടക്കുന്നത് രണ്ടുവർഷത്തേക്ക് അബദ്ധമാകും. യാത്രാവേളയിൽ വിലപ്പെട്ട രേഖകളും ആഭരണങ്ങളും വളരെ ശ്രദ്ധിക്കണം. തൊഴിൽമേഖലകളിൽ ഇൻഷുറൻസ് പദ്ധതി അവലംബിക്കുന്നതിനാൽ കൃഷിനാശം ഉണ്ടായാലും സാമ്പത്തികനഷ്ടം കുറയും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)

• നിലവിലുള്ള പാഠ്യപദ്ധതി ഉപേക്ഷിച്ച് തൃപ്തിയായ വിഷയത്തിനു ചേരും. മേലധികാരി ചെയ്തുവച്ച അബദ്ധങ്ങൾക്ക് വിശദീകരണം നൽകുവാനും തിരുത്തുവാനുമിടവരും. ഉദ്യോഗത്തിൽ ഉയർച്ചയുണ്ടാകും. തൊഴിൽമേഖലകളോടു ബന്ധപ്പെട്ട് ദൂരയാത്രകൾ വേണ്ടിവരും. മംഗളകർമങ്ങളിലും വിരുന്നുസൽക്കാരത്തിലും സജീവസാന്നിധ്യം വേണ്ടിവരും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)

• അവഗണിക്കപ്പെട്ട അവസ്ഥകൾ മാറി പരിഗണിക്കപ്പെടുന്നതിനാൽ ആശ്വാസം തോന്നും. ആസൂത്രിത പദ്ധതികളിൽ അനുകൂല വിജയമുണ്ടാകും. വാക്കും പ്രവൃത്തിയും വ്യത്യസ്തമാകാതെ സൂക്ഷിക്കണം. പ്രയത്നങ്ങൾക്കും പ്രവർത്തനങ്ങൾക്കും

അനുഭവഫലമുണ്ടാകും. സ്വപ്നസാക്ഷാൽക്കാരത്താൽ ആത്മനിർവൃതിയുണ്ടാകും. വിദ്യാർഥികൾക്കും ശാസ്ത്രജ്ഞർക്കും ഗവേഷകർക്കും ആഗ്രഹസാഫല്യമുണ്ടാകും.

• • •

പുണർതം

ധനുമാസം (2024 ജനുവരി 14 വരെ)
• ഉല്ല ാ– സ പുണ്യതീർഥ ദേവാലയദർശന യാത്രകൾക്ക് അവസരമുണ്ടാകും അർപ്പണമനോഭാവവും, ലക്ഷ്യബോധവും പുതിയ അവസരങ്ങൾക്കു വഴിയൊരുക്കും. ചിന്തകൾക്കതീതമായി പ്രവർത്തിക്കുന്നതിനാൽ ആശ്വാസവും ആഹ്ലാദവും, ആത്മവിശ്വാസവും ഉണ്ടാകും. ആഗ്രഹിച്ചപോലെ സന്താനസൗഭാഗ്യത്തിന് യോഗമുണ്ട്. വിദേശ ഉപരിപഠനത്തിന് അനുമതി ലഭിക്കും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• അന്ധ ി വ ാത നീർദോഷരോഗങ്ങൾ വർധിക്കുംഅഭ്യൂഹങ്ങൾ പലതും കേൾക്കുവാനിടവരുമെങ്കിലും സത്യാവസ്ഥ അറിയാതെ പ്രതികരിക്കരുത്. എല്ലാ കാര്യങ്ങൾക്കും ഇരട്ടിസമയം ജോലിചെയ്യേണ്ടിവരും. ക്ഷമയും ആത്മസംയമനവും പാലിക്കണം. അസമയങ്ങളിലും അമിതവേഗത്തിലുമുള്ള വാഹന ഉപയോഗം ഉപേക്ഷിക്കണം. പിതാവിന് ആശുപത്രിവാസം വേണ്ടിവരും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• പരീക്ഷ, ഇന്റർവ്യൂ, സന്ധിസംഭാഷണം തുടങ്ങിയവയിൽ തൃപ്തിയാകും വിധത്തിൽ അവതരിപ്പിച്ച് പ്രശസ്തവിജയം നേടും. നയതന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിൽ ലക്ഷ്യപ്രാപ്തി നേടും. ധർമപ്രവൃത്തികൾക്കും പുണ്യപ്രവൃത്തികൾക്കും സർവാത്മനാ സഹകരിക്കും. തൊഴിൽമേഖലകളിൽ സാമ്പത്തികനേട്ടമുണ്ടാകും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• ഭരണസംവിധാനത്തിലുള്ള ആശയക്കുഴപ്പം പരിഹരിച്ചു പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കും. വിവേചനബുദ്ധിയും അനുഭവജ്ഞാനവും പൊതുജനാവശ്യവും പുതിയ തൊഴിൽ മേഖലകളുടെ ആശയങ്ങൾക്കു വഴിയൊരുക്കും. സുദീർഘമായ ചർച്ചയിലൂടെ സങ്കീർണമായ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. അനുകൂലമായ വിളവെടുപ്പ് ദീർഘകാല കൃഷിരീതി അവലംബിക്കുവാൻ അവസരമൊരുക്കും. ഗൃഹനിർമാണം പൂർത്തീകരിച്ച് ഗൃഹപ്രവേശനകർമം നിർവഹിക്കും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• ഗഹനമായ വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുവാൻ സാധിക്കും. സംയുക്ത സംരംഭത്തിൽനിന്നു പിന്മാറി സ്വന്തമായ വ്യാപാരം തുടങ്ങും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കും. ശമ്പളവർധന മുൻകാലപ്രാബല്യത്തോടുകൂടി ലഭിക്കും. സ്ഥാനക്കയറ്റമുണ്ടാകും. ഗവേഷകർക്കും ശാസ്ത്രജ്ഞർക്കും വിദ്യാർഥികൾക്കും അനുകൂല അവസരങ്ങൾ ഉണ്ടാകും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• വാഹന ഉപയോഗത്തിൽ കൂടുതൽ ശ്രദ്ധ വേണ്ടിവരും. വാഹനം മാറ്റിവാങ്ങും. ദേഹത്തിനു തളർച്ച, പക്ഷവാതം, ഹ ൃദ് നാഡീരോഗങ്ങൾ എന്നിവയ്ക്കെതിരെ കരുതൽ വേണം. പണം കടംകൊടുക്കുക, ജാമ്യം നിൽക്കുക എന്നിവ ഒഴിവാക്കണം. നിസ്സാരകാര്യങ്ങൾക്കു പോലും കഠിനപ്രയത്നം വേണ്ടിവരും. സുപ്രധാനമായ പലതും മറന്നുപോകും.

മിഥുനമാസം (2024 ജൂൺ15 – ജൂലൈ 15)
• ചികിത്സ ഫലിക്കും. പറയുന്ന വാക്കുകളും ചെയ്യുന്ന പ്രവർത്തനങ്ങളും ആഗ്രഹിക്കുന്ന ആശയങ്ങളും ഫലപ്രദമായ രീതിയിൽ അനുഭവത്തിൽ വന്നുചേരും. ആത്മവിശ്വാസം, ഉത്സാഹം, ഉന്മേഷം, കാര്യനിർവഹണശക്തി തുടങ്ങിയവ പ്രവർത്തനക്ഷമതയ്ക്കു വഴിയൊരുക്കും. സുതാര്യവും നീതിയുക്തവുമായ സംസാരശൈലി സൽവാദരങ്ങൾക്കും വഴിയൊരുക്കും. കലാകായികരംഗങ്ങളിൽ ശോഭിക്കും. വ്യവസ്ഥകൾ പാലിക്കുന്നതിനാൽ പ്രവർത്തനവിജയമുണ്ടാകും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• പ്രായത്തിലുപരി, പക്വതയോടുകൂടിയ സമീപനം ആർജിക്കുന്നതിനാൽ സൽകീർത്തിയും സജ്ജനബഹുമാന്യതയും വന്നുചേരും. സ്വന്തം നിലപാടിൽനിന്നും വ്യതിചലിക്കാതെ, ഏകാഗ്രതയോടും ദീർഘസമഗ്ര വീക്ഷണങ്ങളോടും കൂടിയ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി നേടും. ഉത്തേജന മരുന്നുകൾ ഉപേക്ഷിച്ച് പ്രകൃതി ജീവനൗഷധരീതി അവലംബിക്കും. ആഗ്രഹിച്ച വിദേശയാത്ര സഫലമാകും. ആധ്യാത്മിക ആത്മീയ വിഷയങ്ങൾ മനസ്സമാധാനത്തിന് വഴിയൊരുക്കും.

• • •

പൂയം

ധനുമാസം (2024 ജനുവരി 14 വരെ)
• നഷ്ടസാധ്യതകൾ വിലയിരുത്തി ചില കർമമണ്ഡലങ്ങളിൽനിന്നു വിട്ടുനിൽക്കും. പാർശ്വഫലങ്ങളുള്ള ഔഷധങ്ങൾ ഒഴിവാക്കി പ്രകൃതിദത്തമായ ജീവിതരീതി അവലംബിക്കും. വിനോദയാത്രയിൽ വാഹന ഉപയോഗം കുറയ്ക്കണം. ഭക്ഷ്യവിഷബാധ, പകർച്ചവ്യാധി, സാംക്രമികരോഗങ്ങൾ ഇവയിലൊന്ന് അനുഭവിക്കും. വിഭാവനം ചെയ്ത പല കാര്യങ്ങൾക്കും അകാരണ കാലതാമസം നേരിടും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• സഹപ്രവർത്തകർക്കു സാമ്പത്തികസഹായം ചെയ്യും. ഉദ്ദേശിച്ച വിഷയത്തിൽ തുടർന്നു പഠിക്കുവാൻ സാധിക്കും. ഒട്ടേറെ കാര്യങ്ങൾ നിഷ്കർഷയോടുകൂടി ചെയ്തുതീർക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. ജീവിതയാഥാർഥ്യങ്ങളെ മനസ്സിലാക്കി, പരിഗണനാമനോഭാവം സ്വീകരിച്ചാൽ ദാമ്പത്യജീവിതത്തിൽ ഏറക്കുറെ അനുകൂല അന്തരീക്ഷം സംജാതമാകും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• ആരോഗ്യകാര്യങ്ങളിൽ കൂടുതൽ ജാഗ്രത വേണം. സുരക്ഷാസംവിധാനം സുശക്തമാക്കുവാൻ നിർബന്ധിതനാകും. അധ്വാനഭാരവും ചുമതലകളും കൂടുതലുള്ള സ്ഥലത്തേക്ക് ഉദ്യോഗമാറ്റമുണ്ടാകും. ജാമ്യം നിൽക്കുന്നത് അബദ്ധമാകും. വാഹന ഉപയോഗത്തിൽ അമിതവേഗം നിയന്ത്രിക്കണം.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• ആധ്യാത്മിക ആത്മീയ ചിന്തകളാൽ സേവന പ്രവർത്തനങ്ങളിൽ വ്യാപൃതനാകും. അനാവശ്യമായ ആധി ഒഴിവാക്കണം. സർവർക്കും നല്ലതു വരട്ടെ എന്ന ചിന്തയോടുകൂടി പ്രവർത്തിക്കുവാനിടവരും. മക്കളുടെ പലവിധ ആവശ്യങ്ങളും നിവൃത്തിക്കുവാനിടവരും. വിദ്യാർഥികൾക്ക് തൃപ്തികരമായി പരീക്ഷയെഴുതുവാൻ സാധിക്കും. വികസിത രാജ്യത്തിലേക്ക് കുടുംബസമേതം സ്ഥിരതാമസമാക്കുവാൻ അപേക്ഷ നൽകും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• അവിസ്മരണീയ മുഹൂർത്തങ്ങൾ അനശ്വരമാക്കുവാൻ അവസരമുണ്ടാകും. നിബന്ധനകൾക്കു വിധേയനായി പുതിയ പദ്ധതികൾ ഏറ്റെടുക്കും. കലാകായികം, വൈജ്ഞാനികം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് അവസരങ്ങളും പ്രോത്സാഹനവും ഉണ്ടാകും. സഹപ്രവർത്തകരുടെ സഹായ സഹകരണത്താൽ മേലധികാരി ഏൽപിച്ച പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കും. പുതിയ കരാറുജോലിയിൽ ഒപ്പുവയ്ക്കും. സമൂഹത്തിൽ ഉന്നതരുമായി സൗഹൃദബന്ധത്തിലേർപ്പെടുന്നതുവഴി പുതിയ കർമപദ്ധതികൾക്കു രൂപകൽപന ചെയ്യുവാൻ സാധിക്കും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• സങ്കൽപത്തിനനുസരിച്ച് ഉയരുവാൻ പുത്രന് അവസരം ലഭിച്ചതിനാൽ ആശ്വാസം തോന്നും. പരസ്പരവിശ്വാസം നഷ്ടപ്പെട്ടതിനാൽ കൂട്ടുകച്ചവടത്തിൽനിന്നു പിന്മാറും. നഷ്ടപ്പെട്ടു എന്നു കരുതുന്ന രേഖകൾ തിരിച്ചുലഭിക്കും. കീഴ്ജീവനക്കാരെ നിയന്ത്രിക്കുവാൻ പ്രാപ്തിയുള്ള ഉദ്യോഗസ്ഥനെ നിയമിക്കും. നിശ്ചയദാർഢ്യത്തോടു കൂടിയ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി നേടും. സജ്ജ ീ – വസാന്നിധ്യത്താൽ വ്യാപാര മേഖലകളിലുള്ള അനിശ്ചിതാവസ്ഥ ഒഴിഞ്ഞു മാറി, നിലനിൽപ് ഉണ്ടാകും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• വരവും ചെലവും തുല്യമായിരിക്കും. ഔദ്യോഗികമായി സ്ഥാനക്കയറ്റമുണ്ടാകും. തൊഴിൽമേഖലകളോടു ബന്ധപ്പെട്ട് യാത്രകളും ചർച്ചകളും വേണ്ടിവരും. കുടുംബത്തിലെ ചില സാഹചര്യങ്ങളാൽ മംഗളകർമങ്ങളിൽ പങ്കെടുക്കുവാൻ സാധിക്കാതെവരും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• ജനസ്വാധീനം വർധിക്കും. പഠിച്ച വിഷയത്തോടനുബന്ധമായ ഉദ്യോഗം ലഭിക്കും.സഹവർത്തിത്വഗുണത്താൽ നല്ല ചിന്തകൾ വർധിക്കും. ദുരാചാരങ്ങൾ ഉപേക്ഷിച്ച് സദാചാര പ്രവൃത്തികളിൽ ഏർപ്പെടുന്നതിനാൽ സമാധാനമുണ്ടാകും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും. പരീക്ഷണനിരീക്ഷണങ്ങളിൽ വിജയിക്കും.

•••

ആയില്യം

ധനുമാസം (2024 ജനുവരി 14 വരെ)
• ദിനചര്യാക്രമങ്ങളിലുള്ള അപാകതകളാൽ അസ്വാസ്ഥ്യമനുഭവപ്പെടും. ഉപകാരം ചെയ്തുകൊടുത്തവരിൽനിന്നു വിപരീത പ്രതികരണങ്ങൾ വന്നുചേരും. സാംക്രമികരോഗങ്ങളാൽ അസ്വാസ്ഥ്യമനുഭവപ്പെടും. ഭക്ഷ്യവിഷബാധയേൽക്കാതെ സൂക്ഷിക്കണം. മേലധികാരിയുടെ അതൃപ്തിയുള്ള വാക്കുകളാൽ മറ്റൊരു ജോലിക്ക് ശ്രമിക്കും. തൊഴിലധിഷ്ഠിതമായ പാഠ്യപദ്ധതിക്കു ചേരും. ഉല്ലാസയാത്രകളിൽ വാഹന ഉപയോഗം നിയന്ത്രിക്കണം.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• വിട്ടുവീഴ്ചമനോഭാവം സ്വീകരിച്ചാൽ ദാമ്പത്യബന്ധം പുനഃസ്ഥാപിച്ച് സ്വസ്ഥതയും സമാധാനവും ഉണ്ടാകും. പ്രാരംഭത്തിൽ എല്ലാ കാര്യങ്ങൾക്കും തടസ്സങ്ങൾ അനുഭവപ്പെടുമെങ്കിലും അന്തിമമായി വിജയം ഉണ്ടാകും. അശ്രദ്ധകൊണ്ടു ദേഹത്തിൽ മുറിവുകളും വീഴ്ചയും ഉണ്ടാകും. ജീവിതപങ്കാളിക്ക് അസുഖം വർധിക്കുവാനും, വിദഗ്ധചികിത്സ വേണ്ടിവരുവാനുമിടയുണ്ട്. ഓർമിച്ചു പ്രവർത്തിക്കുന്നതിനാൽ എല്ലാം

മംഗളകരമാക്കുവാൻ സാധിക്കും. ആരാധനാലയത്തിൽ വച്ച് ഉന്നതരെ പരിചയപ്പെടുവാനിടവരും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• ആരോഗ്യകാര്യങ്ങളിൽ കൂടുതൽ ജാഗ്രത വേണം. വ്യാപാരത്തിൽ മാന്ദ്യമുണ്ടാകും. അവധിദിനങ്ങളിലും ജോലിചെയ്യേണ്ടിവരും. ജോലി ചെയ്യുന്ന രാജ്യത്തു നിന്നു മറ്റൊരിടത്തേക്കു മാറിത്താമസിക്കും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• ജീവിതനിലവാരം പ്രതീക്ഷിച്ചതിലുപരി ഉയർച്ചയിലെത്തും. ഗഹനമായ വിഷയങ്ങൾ ലളിതമായി അവതരിപ്പിക്കുവാൻ സാധിക്കും. ധർമപ്രവൃത്തികൾക്കും പുണ്യപ്രവൃത്തികൾക്കും സർവാത്മനാ സഹകരിക്കും. വിദ്യാർഥികൾക്കും ഗവേഷകർക്കും ശാസ്ത്രജ്ഞർക്കും ആഗ്രഹസാഫല്യമുണ്ടാകും. ഭയഭക്തിബഹുമാനത്തോടുകൂടി ചെയ്യുന്ന കാര്യങ്ങളെല്ലാം വിജയിക്കും. കലാകായികമേഖലകളിൽ പുതിയ ആവിഷ്കരണശൈലി അവലംബിക്കും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• വ ി– ദേശബന്ധമുള്ള വ്യാപാര വിപണ[illegible] മത്സരങ്ങൾക്കു പരിശീലനം തുടങ്ങും. നിലവിലുള്ള വാഹനം മാറ്റി വലിയ വാഹനം വാങ്ങുവാനിടവരും. പഠിച്ച വിദ്യയോടനുബന്ധമായതും തൃപ്തിയുള്ളതുമായ ഉദ്യോഗം ലഭിക്കും. മുടങ്ങിക്കിടപ്പുള്ള വഴിപാടുകൾ ചെയ്തുതീർക്കുവാനിടവരും. നീതിന്യായങ്ങൾ നടപ്പിലാക്കുവാൻ നിയമസഹായം തേടും. സങ്കീർണമായ ഏതൊരു വിഷയങ്ങളെയും അതിജീവിക്കുവാൻ സാധിക്കും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• ദീർഘകാല പദ്ധതികൾക്ക് ഉപദേശങ്ങളും നിർദേശങ്ങളും സ്വീകരിക്കും. കടംകൊടുത്ത സംഖ്യ മധ്യസ്ഥൻ മുഖാന്തരം ഗഡുക്കളായി ലഭിക്കുവാൻ ധാരണയാകും. പ്രവർത്തനമണ്ഡലങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുവാൻ നിർദേശം തേടും. വിദേശത്ത് ഉപരിപഠനത്തിനു പ്രവേശനം ലഭിക്കും. മക്കൾക്ക് ഉയർന്ന പദവിയോടു കൂടിയ ഉദ്യോഗം ലഭിക്കും. സംയുക്തകൃഷിരീതികളിൽ പണം മുടക്കും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• നിരപരാധിത്വം തെളിയിക്കുവാൻ സാധിക്കുന്നതിനാൽ ഉദ്യോഗത്തിൽ പുനർനിയമനമുണ്ടാകും. കലാകായികരംഗങ്ങളിൽ പരിശീലനം തുടങ്ങും. അവ്യക്തമായ പണമിടപാടുകളിൽ നിന്നു പിന്മാറണം. അധികാരപരിധി വർധിക്കുന്നതിനാൽ കീഴ്ജീവനക്കാരെ നിയമിക്കുവാൻ അനുമതി തേടും. ബന്ധുക്കൾക്കിടയിലുള്ള തർക്കങ്ങളിൽ നിഷ്പക്ഷമനോഭാവം സ്വീകരിക്കുകയാണു നല്ലത്.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• അർഹമായ രീതിയിൽ ആദരണീയസ്ഥാനം ലഭിക്കുന്നതിനാൽ വിനയത്തോടുകൂടി സ്വീകരിക്കും. സന്തോഷവും സന്തുഷ്ടിയുമുള്ള കുടുംബജീവിതം നയിക്കുവാൻ അവസരമുണ്ടാകും. ചിന്തകൾക്കതീതമായി പ്രവർത്തിക്കുന്നതിനാൽ ആശ്വാസവും ആഹ്ലാദവും ആത്മവിശ്വാസവും ഉണ്ടാകും. തൊഴിൽമേഖലകളിൽ അത്ഭുതപൂർവമായ പുരോഗതിയും സമ്പൽസമൃദ്ധിയും പ്രതാപവും ഐശ്വര്യവും ഉണ്ടാകും.

• • •

മകം

ധനുമാസം (2024 ജനുവരി 14 വരെ)

• അന്യരുടെ വിഷമാവസ്ഥകൾക്കു ശാശ്വതപരിഹാരം നിർദേശിക്കുവാൻ സാധിയ്ക്കുന്നതിനാൽ ആത്മസംതൃപ്തിയുണ്ടാകും. കലാകായിക മത്സരങ്ങളിൽ വിജയവും പ്രോത്സാഹനസമ്മാനവും ലഭിക്കും. മാധ്യമപ്രവർത്തകർക്ക് അനുകൂല സാഹചര്യങ്ങൾ വന്നുചേരും. അശുഭചിന്തകൾ ഉപേക്ഷിച്ച് ശുഭാപ്തി വിശ്വാസത്തോടുകൂടി പ്രവർത്തിക്കുവാനുള്ള സാഹചര്യം വന്നുചേരും. സന്താനങ്ങൾക്കു സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തും. ഉന്നതരുമായുള്ള ആത്മബന്ധത്തിൽ പുതിയ തൊഴിലവസരം വന്നുചേരും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)

• ഉത്സവാഘോഷങ്ങളുടെ നേതൃസ്ഥാനത്തിൽനിന്ന് ഒഴിഞ്ഞുമാറും. അശ്രാന്തപരിശ്രമത്താൽ ഏറ്റെടുക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുവാനിടവരും. മംഗളവേളയിൽ പങ്കെടുത്ത് പകർച്ചവ്യാധി പിടിപെടാതിരിക്കാൻ പ്രത്യേക കരുതൽ വേണം. സത്യാവസ്ഥകളാണെങ്കിലും വേണ്ടപ്പെട്ടവർ സ്വീകരിക്കാത്തതിനാൽ മനോവിഷമം തോന്നും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)

• പണം കൊടുത്ത് പൂർവികസ്വത്ത് വാങ്ങുവാൻ തയാറാകും. സംഭവബഹുലമായ വിഷയങ്ങളെ അഭിമുഖീകരിക്കേണ്ടതായി വരും. ജീവിതപങ്കാളിയുടെ ആശയങ്ങൾ സ്വീകരിക്കുന്നത് ഭാവിയിലേക്ക് ഗുണകരമാകും. ഉത്തരവാദിത്തങ്ങൾ വർധിക്കും. ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കും. പരാജയഭീതി കാരണത്താൽ പുതിയ സംരംഭങ്ങളിൽനിന്നും ഒഴിഞ്ഞുമാറും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)

• ആസൂത്രിതപദ്ധതിയായാൽപോലും, അകാരണതടസ്സങ്ങൾ അനുഭവപ്പെടും. തൊഴിൽമേഖലകളിൽ സമ്മർദം വർധിക്കും. പകർച്ചവ്യാധി പിടിപെടും. അധികസംസാരം അബദ്ധങ്ങൾക്കു വഴിയൊരുക്കും. സഹോദരങ്ങൾക്കും സുഹൃത്തുക്കൾക്കും അപകടവും അകാലവിയോഗവും വന്നുചേരുന്നതുവഴി അതീവദുഃഖമനുഭവപ്പെടും. ഓർമശക്തിക്കുറവിനാൽ പരീക്ഷയിൽ വേണ്ടരീതിയിൽ അവതരിപ്പിക്കുവാൻ സാധിക്കുകയില്ല. അമിതാവേശം നിയന്ത്രിക്കണം.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)

• പ്രശസ്തിയാർന്ന പ്രവർത്തനങ്ങൾക്കു വിദ്യുജ്ജനങ്ങളുടെ പ്രശംസ വന്നുചേരും. ഭയഭക്തിബഹുമാനത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി നേടും. ആധ്യാത്മിക ആത്മീയ പ്രഭാഷണങ്ങൾ, ക്ഷമിക്കുവാനും സഹിക്കുവാനുമുള്ള കഴിവിനെ ഉണർത്തും. അനുഭവജ്ഞാനത്താലും കൃഷിവകുപ്പിന്റെ സഹായസഹകരണത്തോടുകൂടിയും ആധുനിക കൃഷിരീതി അവലംബിക്കും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)

• വസ്തുനിഷ്ഠമായി പഠിച്ചു ചെയ്യുന്ന വ്യാപാരത്തിനു ക്രമാനുഗതമായ വളർച്ച അനുഭവപ്പെടും. പ്രാദേശിക പിന്തുണ ലഭിച്ചതിനാൽ കക്ഷിരാഷ്ട്രീയ മത്സരത്തിൽ വിജയിക്കും. ഭരണസംവിധാനത്തിൽ പുതിയ ആശയങ്ങൾ പ്രാവർത്തികമാക്കുവാൻ സാധിക്കും. സമ്പൂർണ അധികാരം ലഭിച്ചതിനാൽ ഭരണസംവിധാനത്തിൽ മാറ്റങ്ങൾ വരുത്തി പ്രവർത്തനക്ഷമമാക്കും. മംഗളകർമങ്ങളിലും വിശേഷാവസരങ്ങളിലും പങ്കെടുക്കും. പരീക്ഷണനിരീക്ഷണങ്ങളിൽ വിജയിക്കും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)

• ഈശ്വരപ്രാർഥനകളാലും വിദഗ്ദചികിത്സകളാലും സന്താനസൗഭാഗ്യത്തിന് ഇടവരും. അതുല്യപ്രതിഭകളുടെ ആശയങ്ങൾ ജീവിതത്തിൽ പകർത്തുവാൻ തയാറാകും. കർമമേഖലകളിൽ നിന്നു സാമ്പത്തികനേട്ടമുണ്ടാകും. വിദേശത്തു വസിക്കുന്ന മക്കൾ ഓണത്തോടനുബന്ധമായി വരുന്നുണ്ടെന്നറിഞ്ഞതിനാൽ ആശ്വാസമാകും. ഉദ്ദേശിച്ച വിഷയത്തിൽ ഉപരിപഠനത്തിനു ചേരും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• വിദ്യാർഥികൾക്ക് അലസത വർധിക്കും. സാമ്പത്തികവരുമാനം ഉണ്ടാകുമെങ്കിലും ക്രമാതീതമായ ചെലവുകളാൽ ജനുവരി വരെ നീക്കിയിരിപ്പു കുറയും. വിദേശ ഉദ്യോഗം ഉപേക്ഷിച്ചു വരുന്നവർക്ക് ജന്മനാട്ടിലും തൊഴിൽമേഖലകൾ ശരിയാകാത്തതിനാൽ തിരിച്ചു പോകേണ്ടിവരും. സ്വന്തം ചുമതലകൾ മറ്റുള്ളവരെ ഏൽപിക്കരുത്. പലപ്രകാരത്തിലും അസുഖങ്ങൾ വർധിക്കുന്നതിനാൽ വിദഗ്ദ പരിശോധനയ്ക്കു വിധേയനാകും.

•••

പൂരം

ധനുമാസം (2024 ജനുവരി 14 വരെ)
• വേണ്ടപ്പെട്ടവർക്ക് ആത്മാർഥമായി പ്രവർത്തിക്കുന്നതിനാൽ അനുമോദനങ്ങൾ വന്നുചേരും. അഴിമതി ആരോപണങ്ങളിൽനിന്നു കുറ്റവിമുക്തനാകയാൽ ഉദ്യോഗത്തിൽ പുനഃപ്രവേശനം സാധ്യമാകും. ഗഹനമായ വിഷയങ്ങൾ ലളിതമായ വ്യവസ്ഥയിൽ അവതരിപ്പിക്കുവാൻ സാധിക്കും.അവിസ്മരണീയ മുഹൂർത്തങ്ങൾ അനശ്വരമാക്കുവാൻ അവസരമുണ്ടാകും. മക്കളുടെ സംരക്ഷണം മനസ്സമാധാനത്തിനു വഴിയൊരുക്കും. വിദേശത്തുള്ളവർക്കു സ്ഥിരതാമസാനുമതി ലഭിക്കും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• കഫ-ഉദര-നീർദോഷരോഗങ്ങൾ ചെറിയ തോതിൽ ഉണ്ടായേക്കാം . വിരോധികളായിരുന്നവർ സൗഹൃദത്തിലേക്കു തിരിച്ചുവരും. കലാകായികമത്സരങ്ങളിൽ വിജയിക്കും. തൊഴിൽമേഖലകളോടു ബന്ധപ്പെട്ട് ധാരാളം യാത്രകൾ വേണ്ടിവരും. ജീവിതശൈലീരോഗങ്ങൾക്ക് യോഗ, പ്രാണായാമം, വ്യായാമം എന്നിവ ജീവിതചര്യയിൽ ഉൾപ്പെടുത്തും കാർഷികവിളകളിൽനിന്ന് ആദായം വർധിക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• അധിക്ഷേപങ്ങളെ നിഷ്പ്രയാസം അതിജീവിക്കുവാൻ സാധിക്കും. മുൻകോപം ഒഴിവാക്കണം. പ്രാണായാമം, യോഗ എന്നിവ ജീവിതചര്യയിൽ ഉൾപ്പെടുത്തുവാൻ പരിശീലനം തുടങ്ങും. ജാമ്യം നിൽക്കരുത്. ജീവിതപങ്കാളിക്ക് ഉയർന്നപദവിയോടുകൂടിയ ഉദ്യോഗം ലഭിക്കും. വിദ്യാർഥികൾക്ക് ആത്മവിശ്വാസം വർധിക്കും. പ്രലോഭനങ്ങളിൽ അകപ്പെടരുത്. ഔദ്യോഗികചുമതലകൾ വർധിക്കുന്നതിനാൽ അവധിദിനങ്ങളിലും ജോലിചെയ്യേണ്ടിവരും. പ്രകൃതിഭക്ഷണരീതി അവലംബിക്കും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• കുടുംബസമേതം വിദേശത്തു യാത്രയ്ക്ക് അനുമതി ഉണ്ടാകുമെങ്കിലും വാഹന ഉപയോഗത്തിൽ നിയന്ത്രണം വേണം. നഷ്ടസാധ്യതകളെ വിലയിരുത്തി വ്യവസായം വിൽക്കുവാൻ തീരുമാനിക്കും. മക്കളുടെ പലവിധ ആവശ്യങ്ങൾക്കായി അവധിയെടുക്കും. നിശ്ചയിച്ച കാര്യങ്ങൾക്കു വ്യതിചലനം വന്നുചേരും. പണം കടംകൊടുക്കരുത്, ജാമ്യം നിൽക്കരുത്. സ്വന്തം ചുമതലകൾ മറ്റുള്ളവരെ ഏൽപിച്ചാൽ അബദ്ധമാകും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• കാർഷികമേഖലയിൽനിന്ന്, ്ര– പത്യേകിച്ച് പുഷ്പ ഔഷധകൃഷിയിൽനിന്ന് ഉണ്ടാകും. ജീവിതയാഥാർഥ്യങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനാൽ, അറിവും കഴിവും പരമാവധി പ്രകടിപ്പിക്കുവാൻ തക്കവണ്ണമുള്ള തൊഴിൽ വന്നുചേരും. മക്കളോടൊപ്പം മാസങ്ങളോളം താമസിക്കുവാൻ വിദേശയാത്ര പുറപ്പെടും. ഗൃഹപ്രവേശനകർമം മംഗളകരമാക്കുവാൻ സാധിക്കും. ശുഭാപ്തിവിശ്വാസം വർധിക്കും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• സഹപ്രവർത്തകരുമായി വിജയാഹ്ലാദം പങ്കുവയ്ക്കുവാനവസരമുണ്ടാകും. കുടുംബജീവിതത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും വിവരസാങ്കേതികവിദ്യയിൽ പുതിയ കണ്ടെത്തലുകൾക്ക് അംഗീകാരം ലഭിക്കും. സ്വന്തം ആശയവും അന്യരുടെ പണവും സമന്വയിപ്പിച്ച് പുതിയ കർമപദ്ധതികൾക്കു രൂപകൽപന ചെയ്യും.വ ൃ– ാപാര വിപണന വിതരണ മേഖലകളിലുള്ള ക്ഷയാവസ്ഥ പരിഹ ക്രമാനുഗതമായ വളർച്ചയും സാമ്പത്തിക പുരോഗതിയും ഉണ്ടാകും. ഒട്ടേറെ കാര്യങ്ങൾ നിശ്ചിതസമയപരിധിക്കുള്ളിൽ ചെയ്തു തീർക്കുവാൻ സാധിക്കും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• ശ ാസ്ത്രീയ പ്രായോഗികവശങ്ങൾ ചിന്തിച്ചു പ്രവർത്തിക്കുന്നതിനാൽ ആഗ്രഹസാഫല്യമുണ്ടാകും. ഒട്ടേറെ കാര്യങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ചെയ്തുതീർക്കാൻ സാധിക്കും. പ്രായത്തിലുപരി പക്വതയുള്ള പുത്രന്റെ സമീപനത്തിൽ ആത്മാഭിമാനം തോന്നും. വ ി– തരണ വിപണന വ്യവസായ മേഖലകളിൽ പുരോഗതിയുണ്ടാകും. ദീർഘകാലപദ്ധതികൾ ഏറ്റെടുക്കും. വിദേശത്ത് ഉപരിപഠനത്തിനു പ്രവേശനം ലഭിക്കും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• പുതിയ തലമുറയിലുള്ളവരുടെ അനൈക്യത്താൽ മാറിത്താമസിക്കും. കാരണമില്ലാതെ ബന്ധുകളിൽനിന്നു വിരോധസ്വരങ്ങൾ വന്നുചേരും. സാമ്പത്തികവിഭാഗത്തിൽ കൂടുതൽ ശ്രദ്ധയും സൂക്ഷ്മതയും ചെലവിനങ്ങളിൽ നിയന്ത്രണവും വേണം. കാർഷികവിളകൾക്ക് നാശനഷ്ടം വന്നുചേരും. വിശേഷപ്പെട്ട ദേവാലയദർശനം നടത്തുവാനിടവരും. വാഹന ഉപയോഗത്തിൽ വളരെ സൂക്ഷിക്കണം.

• • •

ഉത്രം

ധനുമാസം (2024 ജനുവരി 14 വരെ)
• നല്ല ശീലങ്ങൾ ജീവിതത്തിൽ പകർത്തുവാൻ തയാറാകുന്നതുവഴി അനുമോദനങ്ങൾ വന്നുചേരും. ആത്മപ്രഭാവത്താൽ ദുഷ്പ്രചരണങ്ങൾ നിഷ്ഫലമാകും. കാര്യമാത്ര പ്രസക്തമായ കാര്യങ്ങളാണെങ്കിലും സമീപനത്തിൽ അവകാശവാദം ഉന്നയിക്കുന്ന ധ്വനി ഉണ്ടാവരുത്. മാതാപിതാക്കളുടെ സംരക്ഷണത്തിനായി സമീപത്തുള്ള വീട് വാങ്ങുവാനിടവരും. പുതിയ കരാറുജോലികളിൽ ഒപ്പുവയ്ക്കുവാനിടവരും. വാഹനാപകടത്തിൽനിന്ന് അദ്ഭുതകരമായി രക്ഷപ്പെടും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• സംയോജിത കൃഷിസമ്പ്രദായം നടപ്പിലാക്കും. വർഷങ്ങളായി അധഃപതിച്ചുകിടക്കുന്ന പ്രവർത്തനമണ്ഡലങ്ങൾക്കു പുനർജീവൻ നൽകുവാൻ സാധിക്കും. പ്രായോഗികവശം ചിന്തിച്ചു പ്രവർത്തിക്കുന്നതിനാൽ പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കും. ഉപരിപഠനത്തിനു വികസിത രാജ്യത്തിലേക്കു പ്രവേശനം ലഭിക്കും. വിജ്ഞാനം

ആർജിക്കുവാനും പകർന്നുകൊടുക്കുവാനും അവസരമുണ്ടാകും. വ്യാപാര, വിപണന മേഖലകളിൽ പുതിയ പ്രചരണരീതി അവലംബിക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• പാർശ്വഫലങ്ങളുള്ള ഔഷധങ്ങൾ ഒഴിവാക്കി പ്രകൃതിദത്തമായ ജീവിതരീതി അവലംബിക്കും. യാഥാർഥ്യങ്ങളെ മനസ്സിലാക്കാത്തതിനാൽ ബന്ധുക്കളും സ്വന്തക്കാരും വിരോധികളായിത്തീരും. ദുഃശ്ശീലങ്ങൾ ഒഴിവാക്കി പ്രകൃതിജീവന ഔഷധരീതിയും, (– പാണായാമവും ശീലിക്കുന്നതിനാൽ ശാരീരിക ഗവേഷകർക്കും ശാസ്ത്രജ്ഞൻമാർക്കും അനുകൂല സാഹചര്യങ്ങളും അംഗീകാരവും വന്നുചേരും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങൾക്കു നേതൃത്വം നൽകും. ദാമ്പത്യജീവിതത്തിൽ അസ്വാരസ്യങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. നിസ്സാരകാര്യങ്ങൾക്കു പോലും അഹോരാത്രം പ്രവർത്തനം വേണ്ടിവരും. പരീക്ഷയിൽ ഓർമിച്ച് എഴുതുവാൻ സാധിക്കും. ഉദ്യോഗത്തിൽ ഉയർച്ചയുണ്ടാകും. ശമ്പളവർധന മുൻകാലപ്രാബല്യത്തോടുകൂടി ലഭിക്കും. ആഗ്രഹസാഫല്യമുണ്ടാകുമെങ്കിലും അഹംഭാവം ഒഴിവാക്കണം.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• അഗ്നി, ആയുധം, ധനം, വാഹനം എന്നിവ കൈകാര്യം ചെയ്യുമ്പോൾ വളരെ സൂക്ഷിക്കണം. നിസ്സാരമെന്നു തോന്നുന്ന കാര്യങ്ങൾക്കു കഠിനപ്രയത്നം വേണ്ടിവരും. പിതാവിന് അസുഖം വർധിക്കുന്നതിനാൽ ജന്മനാട്ടിൽ വന്നുപോകുവാനിടവരും. എല്ലാ കാര്യങ്ങളിലും ക്ഷമയും വിനയവും ആത്മസംയമനവും നിർബന്ധമായും വേണം. വിദേശയാത്ര മാറ്റിവയ്ക്കേണ്ടതായി വരും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• പദ്ധതി ആസൂത്രണ വിഭാഗത്തിൽ ഉൾപ്പെട്ടതിനാൽ ആത്മാഭിമാനം തോന്നും. വിദ്യാർഥികൾക്ക് അനാവശ്യമായി ആധി വർധിക്കുമെങ്കിലും ഈശ്വരപ്രാർഥനകളാൽ അന്തിമവിജയം അനുകൂലമായിരിക്കും. പ്രണയബന്ധത്തിന് രക്ഷിതാക്കളിൽനിന്ന് അനുമതി ലഭിക്കും. സന്താനഭാഗ്യ മുണ്ടാകും. സഹപ്രവർത്തകരുടെ തർക്കങ്ങൾ പരിഹരിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. ആതുരസേവനത്തിൽ ആത്മാർഥമായി പ്രവർത്തിക്കും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• ഔദ്യോഗികമായി മുടങ്ങിക്കിടപ്പുള്ള സ്ഥാനമാനങ്ങളും ആനുകൂല്യങ്ങളും മുൻകാല പ്രാബല്യത്തോടു കൂടിയ ശമ്പളവർധനയോടു കൂടി ലഭിക്കും. വ്യത്യസ്തമായ പ്രവർത്തനശൈലി അവലംബിക്കുന്നതുവഴി പിന്തള്ളപ്പെടുന്ന അവസ്ഥയെ അതിജീവിക്കുവാൻ സാധിക്കും. സ്ഥിതിഗതികൾ വിലയിരുത്തി പുതിയ പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കും. ഉപരിപഠനത്തിന് ഉദ്ദേശിച്ച വിഷയത്തിൽ ചേരും. പൂർവികസ്വത്ത് ഭാഗംവയ്ക്കുന്നതിൽ വിട്ടുവീഴ്ചമനോഭാവം സ്വീകരിക്കും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• തൊഴിൽമേഖലകളോടു ബന്ധപ്പെട്ട് ധാരാളം യാത്രകൾ വേണ്ടിവരും. ഗുരുകാരണവന്മാരുടെ അനുഗ്രഹാശിസ്സുകളോടുകൂടി സമർപ്പിക്കുന്ന പദ്ധതികൾ വിജയിക്കും. ന്യായമായ ആവശ്യങ്ങൾ പരിഗണിച്ചു നടപ്പിലാക്കിയ മേലധികാരിയോട് ആദരവു തോന്നും. മാതാപിതാക്കളോടൊപ്പം ജന്മനാട്ടിൽ വന്നുപോകുവാനിടവരും. ഒട്ടേറെ കാര്യങ്ങൾ നിശ്ചയിച്ച സമയത്തിനുള്ളിൽ ചെയ്തുതീർക്കും. വ്യാപാര

വിപണനമേഖലകളിൽ സാമ്പത്തികപുരോഗതിയുണ്ടാകും.

• • •

അത്തം

ധനുമാസം (2024 ജനുവരി 14 വരെ)
• കൈവിട്ടു പോകുമെന്നു കരുതിയ വസ്തുവകകൾ തിരിച്ചു വാങ്ങുവാൻ സാധിക്കും. കുടുംബബന്ധം നിലനിർത്താനും, സ്വത്തുതർക്കം പരിഹരിക്കാനും വിട്ടുവീഴ്ചമനോഭാവം സ്വീകരിക്കും. അർഹമായ കാര്യങ്ങൾ അനുഭവത്തോടുകൂടി പ്രാബല്യത്തിൽ വന്നുചേരും. സഹപ്രവർത്തകരോടൊപ്പം വിനോദയാത്രയ്ക്ക് അവസരമുണ്ടാകും. വാഹന ഉപയോഗവും അമിതാഹ്ലാദവും നിയന്ത്രിക്കണം. മാതാവിന് അസുഖങ്ങൾക്ക് ആയുർവേദ ചികിത്സ തുടങ്ങും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• സ്ഥിതിഗതികൾ വിലയിരുത്തി പുതിയ പ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കും. ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങൾ, മംഗളകർമങ്ങൾ തുടങ്ങിയവയിൽ പങ്കെടുക്കുവാൻ ജന്മനാട്ടിൽ വന്നുപോകുവാനിടവരും. സ്വയംഭരണാധികാരം ലഭിച്ചതിനാൽ ആത്മാർഥമായി പ്രവർത്തിച്ച് സൽവകാര്യങ്ങളും ലക്ഷ്യപ്രാപ്തി നേടും. വിദ്യാർഥികൾക്കു പ്രാഥമികപരീക്ഷയിൽ ഉന്നതവിജയം കൈവരിക്കുവാനാകും. സഹകരണപ്രസ്ഥാനങ്ങളുടെ സാരഥ്യസ്ഥാനം വഹിക്കുവാനിടവരും. ഉപരിപഠനത്തിന് വിദേശയാത്ര പുറപ്പെടും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• വിശ്വാസയോഗ്യമല്ലാത്ത പ്രവൃത്തികളിൽനിന്നു നിരുപാധികം പിന്മാറും. നിസ്സാരകാര്യങ്ങൾക്കു പോലും അഹോരാത്രം പ്രയത്നിക്കും. ഉഷ്ണരോഗപീഡകൾ വർധിക്കും. പ്രലോഭനങ്ങളിൽ അകപ്പെടരുത്. മുൻകോപം നിയന്ത്രിക്കണം. ശ്രദ്ധക്കുറവുകൊണ്ട് അബദ്ധങ്ങൾ വന്നുചേരും. സ്വന്തം ആവശ്യങ്ങൾ സാധിക്കുമെങ്കിലും മറ്റുള്ളവരുടെ ബുദ്ധിമുട്ടുകളെ വിലയിരുത്തണം.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• പ്രണയബന്ധത്തിനു രക്ഷിതാക്കളിൽനിന്ന് അനുമതി ലഭിക്കും. സേവന സാമർഥ്യത്താൽ അധികൃതരുടെ പ്രീതി നേടും. വിദ്യാർഥികൾക്ക് അനാവശ്യമായി ആധി വർധിക്കുമെങ്കിലും ഈശ്വരപ്രാർഥനകളാൽ പരീക്ഷകൾ അനുകൂലമായിരിക്കും. ഗൃഹനിർമാണപ്രവർത്തനങ്ങൾ തുടങ്ങിവയ്ക്കും. ഏറ്റെടുത്ത കരാറുജോലികൾ പൂർത്തീകരിക്കും. പുതിയ കൃഷിരീതി അവലംബിക്കും. മക്കളുടെ സംരക്ഷണം മനസ്സമാധാനത്തിനു വഴിയൊരുക്കും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• തൊഴിൽമേഖലകളോടു ബന്ധപ്പെട്ട് ധാരാളം യാത്രകൾ വേണ്ടിവരും. വിദഗ്ധ ചികിത്സകളാലും ഭക്ഷണക്രമീകരണങ്ങളാലും ആരോഗ്യം തൃപ്തികരമായിരിക്കും. സാമ്പത്തികവരുമാനത്തിൽ കുറവു തോന്നുന്നതിനാൽ ചെലവിനങ്ങൾക്കു നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. തൃപ്തിയായ ഗൃഹം വാങ്ങി താമസിച്ചു തുടങ്ങും. പരിശ്രമങ്ങൾക്കും പ്രവർത്തനങ്ങൾക്കും അനുഭവഫലം കുറയും. യാത്രാവേളയിൽ പണവും വിലപ്പെട്ട രേഖകളും നഷ്ടപ്പെടാതെ സൂക്ഷിക്കണം. മനസ്സിന് സ്വസ്ഥത കുറയും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• സംയോജിതകൃഷി സമ്പ്രദായം നടപ്പിലാക്കും. മാതാപിതാക്കളെ സുരക്ഷിതത്വമുള്ള

സ്ഥലത്തേക്കു മാറ്റിത്താമസിപ്പിക്കും. പുണ്യപ്രവൃത്തികൾക്കും ധർമപ്രവൃത്തികൾക്കും സർവാത്മനാ സഹകരിക്കും. സ്വന്തം കാര്യങ്ങൾ മാറ്റിവച്ച് മറ്റുള്ളവരുടെ കാര്യങ്ങൾ നിറവേറ്റും. ഉദ്യോഗത്തോടനുബന്ധമായി ഉപരിപഠനത്തിനു ചേരും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• ഭരണസംവിധാനത്തിൽ മാറ്റങ്ങൾ വരുത്തി പ്രവർത്തനക്ഷമമാക്കുന്നതുവഴി മിച്ചം വയ്ക്കാൻ സാധിക്കും. സഹപ്രവർത്തകരുടെ തർക്കങ്ങൾ പരിഹരിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. വ്യത്യസ്തമായ പ്രവർത്തനശൈലി അവലംബിക്കുന്നതുവഴി പിന്തള്ളപ്പെടുന്ന അവസ്ഥയെ അതിജീവിക്കുവാൻ സാധിക്കും. ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും. വ്യാപാര വിപണനമേഖലകളിൽ പുതിയ പ്രചരണരീതി അവലംബിക്കും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• ഒട്ടേറെ കാര്യങ്ങൾ നിഷ്കർഷയോടു കൂടി ചെയ്തുതീർക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. ഔദ്യോഗികമായി മുടങ്ങിക്കിടപ്പുള്ള സ്ഥാനമാനങ്ങളും ആനുകൂല്യങ്ങളും ശമ്പളവർധനയും മുൻകാലപ്രാബല്യത്തോടുകൂടി ലഭിക്കും. ആതുരസേവനത്തിൽ ആത്മാർഥമായി പ്രവർത്തിക്കും. ന്യായമായ ആവശ്യങ്ങൾ പരിഗണിച്ചു നടപ്പിലാക്കിയ മേലധികാരിയോട് ആദരവു തോന്നും. ആത്മപ്രഭാവത്താൽ ദുഷ്പ്രചരണങ്ങൾ നിഷ്ഫലമാകും. അപ്രതീക്ഷിതമായി സുഹൃത്ത് ഏറ്റെടുത്ത ജോലികൾ ചെയ്തു തീർക്കുവാൻ നിർബന്ധിതനാകും.

• • •

ചിത്തിര

ധനുമാസം (2024 ജനുവരി 14 വരെ)
• അശ്രദ്ധ കൊണ്ടു വീഴ്ചയും ദേഹത്തിൽ മുറിവുകളും ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധ വേണം. അന്യനാട്ടിൽ വസിക്കുന്നവർക്ക് ജന്മനാട്ടിൽ വന്നുപോകുവാൻ സാധിക്കും. ഈശ്വരപ്രാർഥനകളാലും ചിന്തിച്ചു പ്രവർത്തിക്കുന്നതിനാലും അബദ്ധങ്ങൾ ഒരു പരിധിവരെ ഒഴിവാകും. വിനോദ ഉല്ലാസയാത്രയ്ക്ക് നേതൃത്വം നൽകുവാനിടവരും. സുഹൃത്തിനെ അബദ്ധങ്ങളിൽനിന്നു രക്ഷിക്കുവാൻ സാധിക്കും. ഗൃഹനിർമാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• ബന്ധുക്കളോടുള്ള പ്രതിബദ്ധത കാരണത്താൽ വിവാഹാഭ്യർഥന നിഷേധിക്കുവാൻ സാധിക്കാതെ വരും. പൂർവികസ്വത്തിൽ വീടു നിർമിച്ചു താമസിക്കും. വിദേശത്തുള്ള ജീവിതപങ്കാളിക്കു നല്ല ഉദ്യോഗം ലഭിച്ചതിനാൽ തിരിച്ചുപോരാൻ തയാറാകും. വർഷങ്ങൾക്കു ശേഷം ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കും. വിദ്യാർഥികൾക്ക് ആത്മവിശ്വാസം വർധിക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• വിജ്ഞാനപ്രദമായ ആശയങ്ങൾ പങ്കുവയ്ക്കാൻ അവസരം ഉണ്ടാകും. ഏറ്റെടുത്ത ദൗത്യം സന്താനങ്ങളുടെ സഹായത്താൽ പൂർത്തീകരിക്കുവാൻ സാധിക്കും. ജീവിതപങ്കാളിയുടെ ആശയങ്ങൾ പരിഗണിക്കുന്നതു വഴി സ്വസ്ഥതയും സമാധാനവും ഉണ്ടാകും. പ്രകൃതി ചികിത്സാരീതികൾ അവലംബിക്കും. പുതിയ കരാറുജോലികളിൽ ഒപ്പുവയ്ക്കുവാനിടവരും. പകർച്ചവ്യാധി പിടിപെടും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)

• അവനവനിൽ നിക്ഷിപ്തമായ ചുമതലകൾ മറ്റൊരാളെ ഏൽപിച്ചാൽ അന്തിമമായി അബദ്ധമാകും. കക്ഷിരാഷ്ട്രീയപ്രവർത്തനങ്ങൾ ഉപേക്ഷിച്ച് പാരമ്പര്യപ്രവൃത്തികളിൽ വ്യാപൃതനാകും. അമിതാധ്വാനത്താൽ ദേഹക്ഷീണമനുഭവപ്പെടുവാനും, പലപ്പോഴും അവധിയെടുക്കുവാനും ഇടവരും. വിവിധ ആവശ്യങ്ങൾക്കായി അവധിയെടുക്കുന്നതിനാൽ മേലധികാരിക്ക് വിശദീകരണം നൽകുവാനിടവരും. പണം കടംകൊടുക്കരുത്. അസമയങ്ങളിൽ ഉറക്കമൊഴിച്ചുള്ള വാഹന ഉപയോഗം ഒഴിവാക്കണം.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• ജീവിതപങ്കാളിക്ക് ചികിത്സ വേണ്ടിവരുവാനുമിടയുണ്ട്. ആഗ്രഹിച്ച സ്ഥാനമാനങ്ങളും മുടങ്ങിക്കിടപ്പുള്ള ആനുകൂല്യങ്ങളും ലഭിക്കും. വിദ്യാർഥികൾക്ക് പരീക്ഷയിൽ പ്രതീക്ഷിച്ചതിലുപരി എഴുതുവാൻ സാധിക്കും. വിദേശത്ത് ഉപരിപഠനത്തിന് അപേക്ഷിക്കും. വ്യവസായം വാടകയ്ക്കു കൊടുത്ത് വിപണനമേഖലകളിൽ ശ്രദ്ധകേന്ദ്രീകരിക്കും. പരിശ്രമത്താലും പ്രയത്നങ്ങളാലും അനുകൂലഫലങ്ങൾ വന്നുചേരും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• ഭാഗത്തിൽ ലഭിച്ച പൂർവികസ്വത്തിൽ ഗൃഹനിർമാണം പൂർത്തിയാക്കും. നീതിപൂർവവും നിയമപരവുമല്ലാത്ത പ്രവർത്തനങ്ങളിൽനിന്നു പിന്മാറും. തൊഴിൽമേഖലകളോടു ബന്ധപ്പെട്ട് യാത്രാക്ലേശം വർധിക്കും. വരവും ചെലവും തുല്യമായിരിക്കുന്നതിനാൽ ചിലപ്പോൾ അത്യാവശ്യത്തിനു കടം വാങ്ങുവാനിടവരും. പഠിക്കുമ്പോൾത്തന്നെ വന്നുചേരുന്ന ഉദ്യോഗാവസരങ്ങൾ നഷ്ടപ്പെടുമെങ്കിലും, ഉപരിപഠനത്തിന് സഹായകമാകയാൽ ആശ്വാസം തോന്നും. ആരോഗ്യം തൃപ്തികരമായിരിക്കും. വാഹനാപകടം, വീഴ്ച തുടങ്ങിയവ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ വേണം.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• പിതാവിനും പിതൃബന്ധുക്കൾക്കും അരിഷ്ടകാലമാണ്. ധർമപ്രവൃത്തികൾക്കും പുണ്യപ്രവൃത്തികൾക്കും പണം ചെലവാക്കും. വ്യാപാരത്തിൽ പുരോഗതിയുണ്ടാകും. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റത്തിനു യോഗമുണ്ട്. കുടുംബസമേതം വിദേശത്തു സ്ഥിരതാമസത്തിന് അനുമതി ലഭിക്കും. ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും. കല, സാഹിത്യം, സംഗീതം എന്നീ മേഖലകളിൽ അവസരം വന്നുചേരും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• നീതിപൂർവമല്ലാത്ത പ്രവർത്തനങ്ങളിൽനിന്നു പിന്മാറും. പുതിയ കരാറുജോലികൾ ഏറ്റെടുത്തു നടപ്പിലാക്കുമെങ്കിലും പ്രതീക്ഷിച്ച സാമ്പത്തികനേട്ടം ഉണ്ടാകുകയില്ല. കുടുംബസമേതം വിശേഷപ്പെട്ട ദേവാലയദർശനം നടത്തുവാനിടവരും. ആധ്യാത്മിക ചിന്തകൾ വർധിക്കും. പുത്രപൗത്രാദികളോടൊപ്പം താമസിക്കുവാൻ വിദേശയാത്രയ്ക്ക് അവസരം ലഭിക്കും.

• • •

ചോതി

ധനുമാസം (2024 ജനുവരി 14 വരെ)
• കക്ഷിരാഷ്ട്രീയപ്രവർത്തനങ്ങളിൽ സജീവസാന്നിധ്യം വേണ്ടിവരും. പുതിയ വ്യാപാരവ്യവസായങ്ങൾ തുടങ്ങും. തീരുമാനങ്ങളിൽ ഔചിത്യമുണ്ടാകും. വിധിയെ കുറ്റം പറയാതെ ആത്മാർഥമായി പ്രവർത്തിക്കാൻ തയാറാകും. സാഹസപ്രവൃത്തികളിൽനിന്നു പിന്മാറണം. ജീവിതശൈലീരോഗങ്ങൾക്കു യോഗ, പ്രാണായാമം, പ്രകൃതിഭക്ഷണരീതി

എന്നിവ ജീവിതചര്യയിൽ ഉൾപ്പെടുത്തും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• തൃപ്തിയുള്ള വീടു വാങ്ങി താമസിച്ചുതുടങ്ങും. കുടുംബസമേതം ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കും. അമിതവേഗത്തിലുള്ള വാഹന ഉപയോഗം അരുത്. മാതാവിന്റെ ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധ വേണം. ഉദ്യോഗത്തിൽ സ്ഥാനക്കയറ്റമുണ്ടാകും. കാർഷികമേഖലകളിൽ നിന്ന് ആദായമുണ്ടാകും. ബന്ധുമിത്രാദികളുടെ ആവശ്യങ്ങൾ പരിഗണിക്കും. വ്യാപാര വിപണനമേഖലകളിൽ നിന്നു സാമ്പത്തികനേട്ടമുണ്ടാകും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• വിജ്ഞാനം നേടാനും പകർന്നുകൊടുക്കുവാനും അവസരമുണ്ടാകും. പുത്രപൗത്രന്മാരുടെ സംരക്ഷണത്താൽ ആത്മാഭിമാനവും ആശ്വാസവും തോന്നും. കലാകായിക മത്സരങ്ങളിൽ വിജയിക്കും. പ്രവർത്തനമേഖലകളോടു ബന്ധപ്പെട്ട ദൂരയാത്ര വേണ്ടിവരും. വിവേചനബുദ്ധിയും അനുഭവജ്ഞാനവും പൊതുജന ആവശ്യവും പുതിയ തൊഴിൽമേഖലകളുടെ ആശയങ്ങൾക്കു വഴിയൊരുക്കും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• ആത്മവിശ്വാസക്കുറവിനാൽ ഊഹക്കച്ചവടത്തിൽ നിന്നു പിന്മാറും. പകർച്ചവ്യാധികളും മൂത്രാശയരോഗങ്ങളും പിടിപെടാതിരിക്കാൻ കരുതൽ വേണം. ഭക്ഷ്യവിഷബാധയേൽക്കാതെ സൂക്ഷിക്കണം. വിജയപ്രതീക്ഷകളോടു കൂടി പരീക്ഷ എഴുതുവാൻ സാധിക്കും. ആഗ്രഹസാഫല്യത്തിനായി അശ്രാന്തപരിശ്രമം വേണ്ടിവരും. അവധി ലഭിച്ചതിനാൽ ജന്മനാട്ടിൽ വന്നുപോകുവാനിടവരും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• കടം കൊടുത്ത സംഖ്യ തിരിച്ചുലഭിക്കും. വാഹനം മാറ്റിവാങ്ങാനിടവരും. ഏറ്റെടുത്ത ദൗത്യം മനസ്സംതൃപ്തിയോടു കൂടി ചെയ്തുതീർക്കാൻ സാധിക്കും. പരീക്ഷയിൽ പ്രശസ്ത വിജയം ഉണ്ടാകും. ഉദ്ദേശിച്ച വിഷയത്തിൽ ഉപരിപഠനത്തിനു ചേരാൻ സാധിക്കും. ഓർമശക്തി കൂടും. വിദ്യാർഥികൾക്കും ഗവേഷകർക്കും ശാസ്ത്രജ്ഞർക്കും അനുകൂല സമയമാണ്.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• പ്രതിസന്ധികൾ തരണം ചെയ്യാൻ കഠിനപ്രയത്നം വേണ്ടിവരും. ലാഭോദ്ദേശ്യപ്രവൃത്തികളിൽ അശ്രാന്തപരിശ്രമത്താൽ പകുതി അനുഭവമുണ്ടാകും. വാഹന ഉപയോഗത്തിൽ വളരെ ശ്രദ്ധിക്കണം. കാലാവസ്ഥ വ്യതിയാനത്താൽ കൃഷിനാശം സംഭവിക്കും. വാഗ്വാദങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറണം. പലവിധത്തിലുള്ള അസുഖങ്ങളാൽ വിദഗ്ധ പരിശോധനയ്ക്കു തയാറാകും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• ധാരാളം കാര്യങ്ങൾ നിഷ്കർഷയോടു കൂടി ചെയ്തുതീർക്കും. ഉത്സാഹവും ഉന്മേഷവും കാര്യനിർവഹണശക്തിയും കൂടും. വിജ്ഞാനപ്രദമായ ആശയങ്ങൾ പങ്കുവയ്ക്കാൻ അവസരം ഉണ്ടാകും. വ്യവസ്ഥകൾക്കതീതമായി പ്രവർത്തിക്കാൻ സാധിക്കും. പിതാവിന്റെ ആരോഗ്യകാര്യങ്ങളിൽ ശ്രദ്ധ വേണം. ധർമപ്രവൃത്തികളിലും ജീവകാരുണ്യ പ്രവർത്തനങ്ങളിലും സഹകരിക്കും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• ആത്മാർഥമായ പ്രവർത്തനങ്ങളാൽ അധികൃതരുടെ പ്രീതി നേടാൻ കഴിയും. പ്രത്യേക വിഭാഗം കൈകാര്യം ചെയ്യാനുള്ള അധികാരം ലഭിക്കും. പുണ്യതീർഥ

ദേവാലയദർശനത്തിന് അവസരമുണ്ടാകും. ആധ്യാത്മിക ആത്മീയചിന്തകൾ മനസ്സമാധാനത്തിനു വഴിയൊരുക്കും. ശുഭാപ്തിവിശ്വാസത്തോടു കൂടിയുള്ള പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിക്കു വഴിയൊരുക്കും.

• • •

വിശാഖം

ധനുമാസം (2024 ജനുവരി 14 വരെ)
• സമചിത്തതയോടു കൂടിയ സമീപനത്താൽ സർവകാര്യവിജയം ഉണ്ടാകും. അഭിപ്രായസമന്വയത്തിന് അത്യന്തം ക്ഷമയും സഹനശക്തിയും വേണ്ടിവരും. ആത്മാർഥസുഹൃത്തിനെ അബദ്ധത്തിൽ നിന്നു രക്ഷിക്കാൻ സാധിക്കും. ഗൃഹത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കും. വേണ്ടപ്പെട്ടവരുടെ അകാലവിയോഗം അതീവദുഃഖത്തിനു വഴിയൊരുക്കും. സ – ഹോദര സുഹൃത്തുക്കൾക്കു സാമ്പത്തികസഹായം ചെയ്യുവാനിടവരുമെങ്കിലും ആവശ്യമുള്ള രേഖകൾ വാങ്ങണം.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• വർഷങ്ങൾക്കു ശേഷം ജന്മനാട്ടിലെ ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കും. സംയുക്തകൃഷിക്കൂട്ടായ്മയിൽ പങ്കുചേരും. വാഹനം മാറ്റിവാങ്ങും. അഭയം പ്രാപിച്ചുവരുന്നവർക്ക് ആശ്രയം നൽകും. മക്കളോടൊപ്പം മാസങ്ങളോളം താമസിക്കാൻ വീടു വിട്ടു യാത്ര പുറപ്പെടും. ഭൂമിവിൽപനയ്ക്ക് ഏറെക്കുറെ തൃപ്തിയായ വിലയ്ക്ക് ആവശ്യക്കാർ വന്നുചേരും. പുതിയ കരാർ ജോലികളിൽ ഒപ്പുവയ്ക്കാനിടവരും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• സന്താനങ്ങൾക്കു സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തും. ശുഭകർമങ്ങൾക്കും സൽക്കർമങ്ങൾക്കും ആത്മാർഥമായി സഹകരിക്കും. സംഭവബഹുലമായ വിഷയങ്ങളെ അഭിമുഖീകരിക്കാനുള്ള ആത്മധൈര്യവും അവസരങ്ങളും വന്നുചേരും. സന്മനസ്സുള്ളവരുമായുള്ള സഹവർത്തിത്വത്താൽ നല്ല ചിന്തകൾ കൂടും. ശ ാസ്ത്രപരീക്ഷണ നിരീക്ഷണങ്ങളി[illegible]മായ വിഷയങ്ങൾ ചർച്ച ചെയ്യാനിടവരും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• സംഗീതം, സാഹിത്യം തുടങ്ങിയ മേഖലകളിലും കലാകായികരംഗങ്ങളിലും അനുകൂലസാഹചര്യം വന്നുചേരും. അവഗണിക്കപ്പെട്ട വിഷയങ്ങൾ പരിഗണിക്കപ്പെടുന്നതിനാൽ ആശ്വാസമുണ്ടാകും. അധികാരപരിധി കൂടുന്നതിനാൽ കീഴ്ജീവനക്കാരെ നിയമിക്കും. പക്ഷഭേദമില്ലാതെയുള്ള പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി നേടും. വാങ്ങാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ രേഖകൾ വിദഗ്ധമായി പരിശോധിക്കണം.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• ജീവിതപങ്കാളിയുടെ ആശയങ്ങൾ വിപരീതസാഹചര്യങ്ങളെ അതിജീവിക്കാൻ സഹായകമാകും. ആത്മാർഥമായ പ്രവർത്തനങ്ങളെത്തുടർന്ന് അധികൃതരുടെ പ്രീതി നേടും. കാര്യകാരണസഹിതം സമർപ്പിക്കുന്ന അപേക്ഷകൾക്ക് അനുകൂലപ്രതികരണം വന്നുചേരും. പരീക്ഷകളിൽ അറിവുള്ളതിനെക്കാൾ ഭംഗിയായി അവതരിപ്പിക്കാൻ സാധിച്ചതിൽ ആശ്ചര്യമനുഭവപ്പെടും. ആധ്യാത്മിക ആത്മീയചിന്തകളാൽ സേവനപ്രവർത്തനങ്ങളിൽ വ്യാപൃതനാകും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• പണം മുടക്കിയുള്ള വ്യാപാരത്തിൽ നിന്നു പിന്മാറാനുള്ള പ്രചോദനമുണ്ടാകും.

മാസത്തിലൊരിക്കൽ വീട്ടിൽ വന്നുപോകാൻ തക്കവണ്ണം ഉദ്യോഗമാറ്റമുണ്ടാകും. അമിതാവേശം നിയന്ത്രിക്കണം. സംയുക്തസംരംഭങ്ങളിൽ ഏർപ്പെടരുത്. നിസ്സാരകാര്യങ്ങൾക്കു പോലും അഹോരാത്രം പ്രയത്നം വേണ്ടിവരും. വാഗ്വാദങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കുകയാണു നല്ലത്. പണം കടം കൊടുക്കുമ്പോഴും ജാമ്യം നിൽക്കുമ്പോഴും ജാഗ്രത വേണം.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• ഗുരുകാരണവന്മാരുടെ അനുഗ്രഹാശിസ്സുകളോടു കൂടി ചെയ്യുന്ന പ്രവർത്തനങ്ങൾ വിജയിക്കും. ആശ്രയിച്ചുവരുന്നവർക്ക് അഭയം നൽകുന്നതിൽ ആത്മാഭിമാനം തോന്നും. ഉപരിപഠനത്തിനു ചേരാൻ പ്രതീക്ഷിച്ചതിലുപരി പണച്ചെലവ് അനുഭവപ്പെടും. പുത്രപൗത്രാദികളോടൊപ്പം മാസങ്ങളോളം താമസിക്കാൻ വിദേശയാത്ര പുറപ്പെടും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• സാമ്പത്തികവിഭാഗത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടിവരും. സമകാലീനസംഭവങ്ങളോടു പ്രതികരിക്കാൻ നിർബന്ധിതനാകും. വ ൃ- ാപാര വിപണന വിതരണ മേഖലകള
മാറ്റത്തിനു തയാറാകും. പ്രവാസികളിൽ പലർക്കും ഓണാഘോഷത്തിനു ജന്മനാട്ടിൽ വരാൻ സാധിക്കാത്തതിനാൽ അന്യദേശത്ത് ഓണം ആഘോഷിക്കാനിടവരും.

•••

അനിഴം

ധനുമാസം (2024 ജനുവരി 14 വരെ)
• ഗൃഹനിർമാണപ്രവർത്തനങ്ങൾ തുടങ്ങും. ആത്മവിശ്വാസവും കാര്യനിർവഹണശേഷിയും ഉത്സാഹവും ഉന്മേഷവും കൂടും. വിട്ടുവീഴ്ചമനോഭാവത്താൽ ദാമ്പത്യസൗഖ്യവും കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും. ഉന്നതരുടെ ആശയങ്ങൾ ജീവിതത്തിൽ പകർത്താൻ തയാറാകും. പുതിയ സ്നേഹബന്ധം ഉടലെടുക്കും. പ ഠിച്ച വിഷയത്തോടനുബന്ധമായ ഉദ്യോഗം ലഭിക്കും. പരമപ്രധാനമായ കാര്യങ്ങൾക്ക് അന്തിമതീരുമാനം ഉണ്ടാകും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• അർധമനസ്സോടു കൂടിയാണെങ്കിലും ഭൂരിപക്ഷാഭിപ്രായത്തെ മാനിച്ചാൽ തൊഴിൽപരമായ അനിശ്ചിതാവസ്ഥകൾ പരിഹരിക്കാൻ കഴിയും. നിലവിലുള്ള ഉദ്യോഗം ഉപേക്ഷിക്കുക, വ്യാപാര വ്യവസായ മേഖലകളിൽ ഏർപ്പെടുക തുടങ്ങിയവ പ്രതികൂലസാഹചര്യങ്ങൾക്കു വഴിയൊരുക്കും. വേണ്ടപ്പെട്ടവരിൽനിന്നു വിരോധങ്ങൾ ഉണ്ടാകാമെങ്കിലും പ്രതികരിക്കാതിരിക്കുന്നതാണു നല്ലത്. പ്രധാന തീരുമാനങ്ങൾക്കു പുനഃപരിശോധന വേണ്ടിവരും. പലപ്പോഴും സഹപ്രവർത്തകരുടെ ജോലി കൂടി ചെയ്തുതീർക്കേണ്ടിവരും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• ഔദ്യോഗിക ചുമതലകൾ കൂടും. ഉഷ്ണ, മൂത്രാശയരോഗങ്ങൾ ബാധിക്കാതിരിക്കാൻ ജാഗ്രത വേണം. വിദ്യാർഥികൾക്കു പഠനകാര്യങ്ങളിൽ അലസത കൂടും. വാഹന ഉപയോഗത്തിൽ വളരെ സൂക്ഷിക്കണം. പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാനുള്ള വിധത്തിൽ തൊഴിൽ ക്രമീകരിക്കും. ഗൃഹത്തിനു വാസ്തുശാസ്ത്ര പ്രകാരമുള്ള മാറ്റം വരുത്താൻ തയാറാകും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• വിജ്ഞാനം നേടാനും മറ്റുള്ളവർക്കു പകർന്നുകൊടുക്കാനും സാധിക്കും.

മാതാപിതാക്കളെ ഒരുമിച്ചു താമസിപ്പിക്കാൻ വേണ്ടി ഉദ്യോഗമാറ്റം സ്വീകരിക്കും. വിദ്യാർഥികൾ ഉപരിപഠനത്തിനു വിദേശവിദ്യാലയത്തിലേക്ക് അപേക്ഷിക്കും. ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്ന കരാർ ജോലികൾ ഏറ്റെടുക്കും. ഹ്രസ്വകാല കൃഷിവിളകൾ തുടങ്ങിവയ്ക്കും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• വിദൂരപഠനത്തിന് അവസരം ലഭിക്കും. സാമ്പത്തികമായി വഞ്ചനയിൽ അകപ്പെടാതെ സൂക്ഷിക്കണം. മാസത്തിലൊരിക്കൽ വീട്ടിൽ വന്നുപോകാൻ തക്കവണ്ണം ഉദ്യോഗമാറ്റമുണ്ടാകും. ദമ്പതികൾക്ക് ഒരുമിച്ചു താമസിക്കാൻ സാധിക്കും. വസ്തുതർക്കം പരിഹരിക്കാൻ വിട്ടുവീഴ്ചമനോഭാവം വേണ്ടിവരും. നഷ്ടസാധ്യതകളെ വിലയിരുത്തി സംയുക്തസംരംഭങ്ങളിൽ നിന്നു പിന്മാറും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• ഉദ്യോഗത്തിൽ സ്ഥാനക്കയറ്റവും ആനുകൂല്യങ്ങളും സ്ഥാനമാറ്റവും അംഗീകാരവും ലഭിക്കും. വിദേശത്തു സ്ഥിരതാമസമാക്കാനുള്ള അനുമതി ലഭിക്കും. മനസ്സിലുദ്ദേശിക്കുന്ന കാര്യങ്ങൾ നിഷ്പ്രയാസം സാധിക്കും. വിശ്വാസയോഗ്യമായ പ്രവർത്തനങ്ങളിൽ പങ്കുചേരും. ഔദ്യോഗികമായും തൊഴിൽമേഖലകളോടു ബന്ധപ്പെട്ടും വിദേശയാത്ര വേണ്ടിവരും. വ്യാപാര വ്യവസായ മേഖലകളിൽ പുരോഗതിയുണ്ടാകും. സാമ്പത്തികമായി നീക്കിയിരിപ്പും ഉണ്ടാകും. സർവർക്കും തൃപ്തമായ നിലപാട് സ്വീകരിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• പണം കടം കൊടുക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ വേണം. എല്ലാ കാര്യങ്ങളിലുമുള്ള അമിതാവേശം ഉപേക്ഷിക്കണം. മനസ്സാക്ഷിക്കു യോജിക്കാത്ത ഉദ്യോഗം ഉപേക്ഷിക്കും. ഗൃഹത്തിന്റെ അറ്റകുറ്റപ്പണികൾക്ക് അധികച്ചെലവ് അനുഭവപ്പെടും. മറ്റുള്ളവരുടെ വിഷമാവസ്ഥകൾക്കു ശാശ്വതപരിഹാരം കണ്ടെത്തുമെങ്കിലും സ്വന്തം കാര്യങ്ങൾക്ക് അനുഭവം കുറയും. സുഹൃത്ത് ഏറ്റെടുത്ത തൊഴിൽമേഖലകളുടെ ചുമതലകൾ ഏറ്റെടുക്കും. അജ്ഞത കൊണ്ട് അബദ്ധങ്ങൾ വന്നുചേരാതിരിക്കാൻ പ്രത്യേക ജാഗ്രത വേണം.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• ചിരകാലാഭിലാഷമായ വിദേശയാത്ര സഫലമാകും. നിർത്തിവച്ച കർമപദ്ധതികൾ പുനരാരംഭിക്കും. സുവ്യക്തമായ കർമപദ്ധതികൾക്കു പണം മുടക്കും. ഉദ്ദേശിച്ച വിഷയത്തിൽ തുടർന്നു പഠിക്കാൻ സാധിക്കും. ബന്ധുമിത്രാദികളോടൊപ്പം പുണ്യതീർഥ ദേവാലയ ദർശനത്തിന് അവസരം ലഭിക്കും. വിദേശത്തുള്ളവർക്ക് ജന്മനാട്ടിലേക്കുള്ള യാത്രയ്ക്ക് ഈ മാസം അനുമതി വൈകും.

• • •

തൃക്കേട്ട

ധനുമാസം (2024 ജനുവരി 14 വരെ)
• മറ്റുള്ളവരുടെ വിഷമാവസ്ഥകൾക്കു ശാശ്വതപരിഹാരം നിർദേശിക്കാൻ സാധിച്ചതിനാൽ കൃതാർഥനാകും. കഴിവുള്ളവരെ അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും അവസരമുണ്ടാകും. ഊഹാപോഹങ്ങൾ പലതും കേൾക്കാനിടവരുമെങ്കിലും സത്യാവസ്ഥ അറിയാതെ പ്രതികരിക്കരുത്. നിഷ്ക്രിയരായ ജോലിക്കാരെ പിരിച്ചുവിടും. ഏറ്റെടുത്ത ദൗത്യം പൂർത്തിയാക്കാൻ അഹോരാത്രം പ്രയത്നിക്കും. വാഹന ഉപയോഗത്തിൽ വളരെ സൂക്ഷിക്കണം.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• സാഹസപ്രവൃത്തികളിൽ നിന്ന് അപകടമുണ്ടാകാതിരിക്കാൻ പ്രത്യേക ജാഗ്രത വേണം. ആത്മനിയന്ത്രണം വേണം. ചെയ്യാത്ത കുറ്റത്തിന് അപരാധം കേൾക്കാനിടവരും. ചില ഘട്ടങ്ങളിൽ പകുതി പ്രതിഫലം സ്വീകരിച്ചു തൃപ്തിപ്പെടേണ്ടിവരും. ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി ദുശ്ശീലങ്ങൾ ഉപേക്ഷിക്കും. സാങ്കേതിക കാരണങ്ങളാൽ വിദേശയാത്രയ്ക്കു പ്രാരംഭത്തിൽ തടസ്സങ്ങൾ അനുഭവപ്പെടുമെങ്കിലും പുനരപേക്ഷയിൽ കാര്യം സാധിക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• കലാകായികമത്സരങ്ങളിൽ വിജയമുണ്ടാകും. ഒന്നാം സ്ഥാനം നിലനിർത്താൻ ബുദ്ധിമുട്ടേണ്ടിവരും. ധനകാര്യസ്ഥാപനത്തിന്റെ സഹായത്തോടു കൂടി ഗൃഹനിർമാണം പൂർത്തിയാക്കും. മാതാപിതാക്കളുടെ രക്ഷാകർതൃത്വം ഏറ്റെടുക്കും. അസമയങ്ങളിൽ ഉറക്കമൊഴിച്ചുള്ള വാഹന ഉപയോഗം ഒഴിവാക്കണം. കരൾ-രക്തസമ്മർദ രോഗങ്ങൾക്കെതിരെ പ്രകൃതിഭക്ഷണരീതിയും വ്യായാമവും ജീവിതചര്യയിൽ ഭാഗമാക്കും. ചെലവുകാര്യങ്ങളിൽ നിയന്ത്രണം വേണം.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• ജീവിതയാഥാർഥ്യങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനാൽ സമാധാനമുണ്ടാകും. മേലധികാരിയുടെ പ്രതിനിധിയായി പ്രവർത്തിക്കേണ്ടിവരും. പൂർവികസ്വത്തിൽ ഗൃഹനിർമാണപ്രവർത്തനങ്ങൾ തുടങ്ങിവയ്ക്കും. അതുല്യപ്രതിഭകളുടെ ആശയങ്ങൾ ജീവിതത്തിൽ പകർത്താൻ തയാറാകും. ആത്മാർഥമായ പ്രവർത്തനങ്ങളാൽ സർവകാര്യവിജയം നേടും. നടപടിക്രമങ്ങളിൽ കൃത്യത പാലിക്കാൻ നിർബന്ധിതനാകും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• എല്ലാ കാര്യങ്ങളിലും അശ്രാന്തപരിശ്രമം വേണ്ടിവരും. പകർച്ചവ്യാധി പിടിപെടാതിരിക്കാൻ പ്രത്യേക ജാഗ്രത വേണം. നടപടിക്രമങ്ങളിൽ കൃത്യത പാലിക്കും. വിരുന്നുസൽക്കാരത്തിൽ നിന്നു ഭക്ഷ്യവിഷബാധയേൽക്കാതിരിക്കാൻ കരുതൽ വേണം. പുതിയ കൃഷിരീതി അവലംബിക്കും. വിദേശരാജ്യത്തു താമസിക്കാൻ നടപടി ആരംഭിക്കും. വാഹനാപകടത്തിൽ നിന്നു രക്ഷപ്പെടും. ഉപരിപഠനത്തിനു വിദേശ വിദ്യാലയത്തിലേക്ക് അപേക്ഷ നൽകും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• വർഷങ്ങൾക്കു ശേഷം അവധിക്കാലം ജന്മനാട്ടിൽ ചെലവഴിക്കാൻ കഴിയും. പഴയ കാല സുഹൃത്തുക്കളെ കാണാൻ അവസരമുണ്ടാകും. ജീവിതപങ്കാളിയുടെ ജോലിയെ അടിസ്ഥാനപ്പെടുത്തി തൊഴിൽ ക്രമീകരിക്കും. വ്യവസ്ഥകൾ പാലിച്ചു പുതിയ കരാർ ജോലികൾ ഏറ്റെടുക്കും. വിദേശയാത്രയെക്കുറിച്ച് ആലോചിക്കും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• സുരക്ഷിതമായ തൊഴിലവസരം വന്നുചേരും. കൂടുതൽ ചുമതലകൾ ഏറ്റെടുക്കേണ്ടിവരും. വ്യാപാരം തുടങ്ങാനുള്ള തീരുമാനം വേണ്ടെന്നുവയ്ക്കും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും. അഗ്നി, ആയുധം, ധനം, വാഹനം എന്നിവ ഉപയോഗിക്കുമ്പോൾ വളരെ സൂക്ഷിക്കണം. ഉപരിപഠനത്തിനു ഗവ. വിദ്യാലയത്തിൽ പ്രവേശനം ലഭിക്കും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• ജന്മനാട്ടിൽ സ്വന്തമായ വ്യാപാരം തുടങ്ങുന്നതിന്റെ ഭാഗമായി വിദേശ ഉദ്യോഗം വേണ്ടെന്നുവയ്ക്കും. നിസ്വാർഥസേവനത്താൽ സത്കീർത്തിയും ആദരവും കൂടും.

പ  ു–  ത  ിയ വ്യാപാര വ്യവസായ വിപണന വിതരണ മേഖലക
പുരോഗതിക്കും യോഗമുണ്ട്. ഉത്സാഹവും ഉന്മേഷവും കാര്യനിർവഹണശേഷിയും നിലനിർത്താൻ കഴിയും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യസൗഖ്യവും ഉണ്ടാകും. വിദേശയാത്ര സഫലമാകും. നിർത്തിവച്ച കർമപദ്ധതികൾ പുനരാരംഭിക്കും.

• • •

മൂലം

ധനുമാസം (2024 ജനുവരി 14 വരെ)

• സാമ്പത്തിക ഉന്നതിയുള്ള രാജ്യത്തിലേക്കു താമസം മാറ്റുന്ന കാര്യം ചിന്തിക്കും. കല, സാഹിത്യം, സംഗീതം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കു ധാരാളം അവസരങ്ങൾ വന്നുചേരും. ചെയ്യുന്ന കാര്യങ്ങൾ മറ്റുള്ളവർക്കും ഉപകാരപ്രദമാകും. അധികാരപരിധി വർധിച്ചതിനാൽ കീഴ്ജീവനക്കാരെ നിയമിക്കും. അപാകതകൾ പരിഹരിച്ച് വ്യവസായം പുനരാരംഭിക്കും. ശാസ്ത്രസാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്നവർക്ക് അംഗീകാരം ലഭിക്കും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)

• വർഷങ്ങൾക്കുശേഷം ജന്മനാട്ടിലെ ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കാൻ അവസരമുണ്ടാകും. ആത്മവിശ്വാസം, കാര്യനിർവഹണശേഷി, ഉത്സാഹം, ഉന്മേഷം തുടങ്ങിയവ പുതിയ സ്ഥാനമാനങ്ങൾക്കു വഴിയൊരുക്കും. വ്യക്തിപ്രഭാവത്താൽ ദുഷ്കീർത്തി നിഷ്പ്രഭമാകും. സമർപ്പിക്കുന്ന പദ്ധതികൾക്ക് അന്തിമനിമിഷത്തിൽ അനുമതി ലഭിക്കും. നിർത്തിവച്ച കർമപദ്ധതികൾ പുനരാരംഭിക്കും. പുതിയ സ്നേഹബന്ധം ഉടലെടുക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)

• ധർമപ്രവൃത്തികൾക്കും പുണ്യപ്രവൃത്തികൾക്കുമായി ആത്മാർഥമായി സഹകരിക്കും. സത്യാവസ്ഥകൾ അറിഞ്ഞുപ്രവർത്തിക്കുന്നതിനാൽ മിഥ്യാധാരണകൾ ഒഴിവാകും. പുതിയ കാർഷികസമ്പ്രദായം ആവിഷ്കരിക്കുന്നതു ഫലപ്രദമാകും. പ്രതിസന്ധികൾ തരണം ചെയ്യാൻ കഠിനപ്രയത്നം വേണ്ടിവരും. വിദേശ ഉദ്യോഗത്തിനു വിരാമം വന്നു സ്വദേശത്തേക്കു മടങ്ങാനുള്ള സാധ്യതയുണ്ട്. വാഹനാപകടം, വീഴ്ച എന്നിവയ്ക്കെതിരെ ജാഗ്രത വേണം.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)

• ബന്ധുവിന്റെ ആവശ്യങ്ങൾ പരിഗണിക്കേണ്ടിവരും. സാഹസപ്രവൃത്തികളിൽ നിന്നും ഊഹക്കച്ചവടത്തിൽ നിന്നും പിന്മാറണം. (–  പകൃതി  ആയുർവേദ ചികിത്സകളാൽ ഉദര
നാഡീരോഗപീഡകൾക്ക് കുറവുണ്ടാകും. ആശയവിനിമയങ്ങളിൽ അപാകതകൾ ഉണ്ടാകാതെ സൂക്ഷിക്കണം. റോഡുവികസനത്തിന് ഭൂമിവിട്ടുകൊടുക്കാൻ നിർബന്ധിതനാകും. സുഹൃത്തിനെ അബദ്ധങ്ങളിൽ നിന്നു രക്ഷിക്കാൻ സാധിക്കും. ഗൃഹത്തിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)

• ഉദ്യോഗത്തിൽ സ്ഥാനക്കയറ്റവും ആനുകൂല്യങ്ങളും സ്ഥാനമാറ്റവും അംഗീകാരവും യഥാസമയം ലഭിക്കും. വിശ്വാസയോഗ്യമായ പ്രവർത്തനങ്ങളിൽ പങ്കുചേരും. ആശ്രയിച്ചു വരുന്നവർക്ക് അഭയം നൽകുന്നതിനാൽ ആത്മാഭിമാനം തോന്നും. സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിക്കും. വർഷങ്ങൾക്കു ശേഷം സഹപാഠികളെ കാണാനും ഗതകാലസ്മരണകൾ പങ്കുവയ്ക്കാനും അവസരമുണ്ടാകും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• വഞ്ചനയിൽ അകപ്പെടാതെ സൂക്ഷിക്കണം. പലപ്പോഴും സഹപ്രവർത്തകരുടെയും കീഴ്ജീവനക്കാരുടെയും ജോലി കൂടി ചെയ്യേണ്ട സാഹചര്യമുണ്ടാകും. അപ്രധാനങ്ങളായ കാര്യങ്ങളിൽ അനാവശ്യമായി ആലോചിക്കുന്ന പ്രവണത ഒഴിവാക്കണം. മേലധികാരിയുടെ സംശയങ്ങൾക്കു വ്യക്തമായ വിശദീകരണം നൽകേണ്ടിവരും. അന്യരെ അധിക്ഷേപിച്ചു കൊണ്ടുള്ള ആത്മപ്രശംസ അബദ്ധങ്ങൾക്കു വഴിയൊരുക്കും. കരുതൽ വേണം.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• അനുചിതപ്രവൃത്തികളിൽ നിന്നു സുഹൃത്തിനെ രക്ഷിക്കാൻ സാധിക്കും. പ്രവർത്തനശൈലിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ തയാറാകും. വിദേശബന്ധമുള്ള വ്യാപാരമേഖലയിൽ പണം മുടക്കും. പരസ്പരവിശ്വാസം നഷ്ടപ്പെട്ടതിനാൽ സംയുക്തസംരംഭത്തിൽ നിന്നു പിന്മാറും. പൂർണതയില്ലാത്ത പദ്ധതികളിൽ പരാജയമുണ്ടാകും. അശ്രദ്ധകൊണ്ട് അബദ്ധങ്ങൾ വന്നുചേരാതിരിക്കാൻ പ്രത്യേക കരുതൽ വേണം.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• പൂർണത പോരാത്തതിനാൽ അനുമതിക്കുള്ള അപേക്ഷകൾ നിരസിക്കപ്പെടും. ഉദ്യോഗമന്വേഷിച്ചുള്ള വിദേശയാത്ര സഫലമായെന്നുവരില്ല. സുഖദുഃഖങ്ങൾ ഒരുപോലെ വന്നുചേരും. പ്രലോഭനങ്ങളിൽ അകപ്പെടരുത്. നിയമവിരുദ്ധമായ പ്രവർത്തനമണ്ഡലങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറണം. സഹപ്രവർത്തകരിൽ നിന്നു നിസ്സഹകരണ മനോഭാവത്താൽ അധ്വാനഭാരം കൂടും. കാരണമില്ലാതെ അസൂയാലുക്കൾ കൂടും.

• • •

പൂരാടം

ധനുമാസം (2024 ജനുവരി 14 വരെ)
• അർഥപൂർണമായ ആശയങ്ങൾ അനുകൂലസാഹചര്യങ്ങൾക്കു വഴിയൊരുക്കും. നാഡീരോഗങ്ങൾക്കെതിരെ വേണ്ട കരുതലെടുക്കണം. പുതിയ സ്നേഹബന്ധം പുതിയ തൊഴിലവസരങ്ങൾക്ക് വഴിയൊരുക്കും. ആധ്യാത്മിക ആത്മീയചിന്തകളും ഈശ്വരപ്രാർഥനകളും അനാവശ്യവിചാരങ്ങളെ അതിജീവിക്കാൻ സഹായിക്കും. ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി പ്രാണായാമവും വ്യായാമവും ശീലിക്കും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• കലാകായികമത്സരങ്ങളിൽ വിജയവും പ്രോത്സാഹന സമ്മാനങ്ങളും അംഗീകാരവും ലഭിക്കും. ഉപരിപഠനം പൂർത്തിയാക്കി നല്ല ഉദ്യോഗം ലഭിക്കും. അസുലഭനിമിഷങ്ങൾ അനിർവചനീയമാക്കുവാൻ അവസരമുണ്ടാകും. വർഷങ്ങൾക്കു ശേഷം സഹപാഠികളെ കാണാനും ഗതകാലസ്മരണകൾ പങ്കുവയ്ക്കാനും അവസരമുണ്ടാകും. മക്കളോടൊപ്പം തീർഥയാത്രകൾക്കു യോഗമുണ്ട്. പ്രലോഭനങ്ങളെ അതിജീവിക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• തൊഴിൽമേഖലകളോടു ബന്ധപ്പെട്ട് പലപ്പോഴും വീട്ടിൽ നിന്നു വിട്ടുനിൽക്കേണ്ട സാഹചര്യം ഉണ്ടാകും. പറയുന്ന കാര്യങ്ങളും ചെയ്യുന്ന പ്രവർത്തനങ്ങളും സ്വന്തം നിലയിൽ നേട്ടമുണ്ടാകുകയില്ലെങ്കിലും മറ്റുള്ളവർക്ക് ഉപകാരപ്രദമാകും. ഔദ്യോഗികതലത്തിൽ ചുമതലകളും യാത്രാക്ലേശവും കൂടും. ഏറ്റെടുത്ത കാര്യങ്ങൾ

പൂർത്തിയാക്കുന്നതിൽ അകാരണ കാലതാമസം നേരിടും. ദാമ്പത്യബന്ധം നല്ല നിലയിൽ തുടരാൻ വിട്ടുവീഴ്ചമനോഭാവം വേണ്ടിവരും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• ആപൽഘട്ടത്തിൽ നിന്നു ബന്ധുക്കളെ രക്ഷിക്കേണ്ട സാഹചര്യമുണ്ടാകും. കുടുംബത്തിൽ സമാധാന അന്തരീക്ഷം നിലനിൽക്കും. ഗുരുകാരണവന്മാരുടെ നിർദേശങ്ങൾ മൂലം അബദ്ധങ്ങളെ അതിജീവിക്കാൻ കഴിയും. വർഷങ്ങൾക്കു ശേഷം ജന്മനാട്ടിലെ ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുവാനിടവരും. സഹപ്രവർത്തകരുടെ സഹായസഹകരണത്തിൽ പുതിയ ഉദ്യോഗത്തിനു വഴിയൊരുക്കും. ഗൃഹോപകരണങ്ങൾ മാറ്റിവാങ്ങാനിടവരും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും. വിദ്യാർഥികൾക്കു പുനഃപരിശോധനയിൽ മാർക്ക് കൂടും. അസാധ്യമെന്നു തോന്നുന്ന കാര്യങ്ങൾ സാധിക്കും. മക്കളോടൊപ്പം അന്യദേശത്ത് താമസിക്കാനിടവരും. വേർപെട്ടു താമസിക്കുന്ന ദമ്പതികൾക്ക് പുനസ്സമാഗമം സാധ്യമാകും. ഉദ്ദേശിച്ച വിഷയത്തിൽ തൃപ്തിയുള്ള വിദ്യാലയത്തിൽ ഉപരിപഠനത്തിന് ചേരും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• ജീവിതശൈലീരോഗങ്ങളാൽ അസ്വാസ്ഥ്യമനുഭവപ്പെടും. ജീവിതസാഹചര്യങ്ങളെ ക്ഷമയോടു കൂടി നേരിടും. ഔദ്യോഗിക ചുമതലകളും യാത്രകളും കൂടും. അധികാരപരിധി കൂടുന്നതിനാൽ കീഴ്ജീവനക്കാരെ നിയമിക്കും. സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിക്കും. അനുചിതപ്രവൃത്തികളിൽ നിന്നു സുഹൃത്തിനെ രക്ഷിക്കാൻ സാധിക്കും. വിദേശബന്ധമുള്ള വ്യാപാര വ്യവസായങ്ങൾക്കു തുടക്കം കുറിക്കും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• ദീർഘവീക്ഷണത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ മൂലം ലക്ഷ്യപ്രാപ്തി നേടും. വർഷങ്ങൾക്കു ശേഷം സഹപാഠികളെ കാണാനും ഗതകാലസ്മരണകൾ പങ്കുവയ്ക്കാനും അവസരമുണ്ടാകും. സംഭവബഹുലമായ വിഷയങ്ങളെ അഭിമുഖീകരിക്കാനുള്ള ആത്മധൈര്യവും അവസരങ്ങളും വന്നുചേരും. ഐശ്വര്യമുള്ള വീട്ടിലേക്കു മാറിത്താമസിക്കും. ഭരണസംവിധാനത്തിലെ അപാകതകളും അബദ്ധങ്ങളും പരിഹരിക്കും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• ആത്മവിമർശനങ്ങളാൽ പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കാൻ സാധിക്കും. സ്വയം നിശ്ചയിച്ച വിവാഹത്തിൽ നിന്നു പിന്മാറി മാതാപിതാക്കൾ നിശ്ചയിച്ച വിവാഹത്തിനു തയാറാകും. വ ാ – ത നാഡീ കരൾരോഗപീഡകൾക്കെതിരെ ജാഗ്രത വേണം. പകർച്ചവ്യാധിക്കെതിരെയും കരുതൽ വേണം. നീതിയുക്തമായ തീരുമാനങ്ങൾക്കു ജീവിതപങ്കാളിയുടെ നിർദേശം സ്വീകരിക്കും. മേലധികാരിയുടെ ആജ്ഞകൾ അനുസരിക്കേണ്ടിവരും.

• • •

ഉത്രാടം

ധനുമാസം (2024 ജനുവരി 14 വരെ)

• സുഖദുഃഖങ്ങൾ ഒരുപോലെ സ്വീകരിക്കാനുള്ള മാനസികാവസ്ഥയുണ്ടാകും. പറയുന്ന വാക്കുകളിൽ അബദ്ധമുണ്ടാകാതെ സൂക്ഷിക്കണം. അവിചാരിത ചെലവുകളാൽ പലപ്പോഴും കടം വാങ്ങേണ്ട സാഹചര്യം വന്നേക്കാം. പൊതുപ്രവർത്തനരംഗത്തു ശോഭിക്കും. നിസ്സാരകാര്യങ്ങൾക്കു പോലും കഠിന പ്രയത്നം വേണ്ടിവരും. നിയമവിരുദ്ധമായ പ്രവർത്തനങ്ങളിൽ നിന്നു പിന്മാറാൻ ആത്മപ്രചോദനമുണ്ടാകും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)

• ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും. വർഷങ്ങൾക്കുശേഷം ജന്മനാട്ടിലെ ആരാധനാലയദർശനം നടത്തുവാനിടവരും. ദീർഘവീക്ഷണത്തോടു കൂടിയ പ്രവർത്തനമണ്ഡലങ്ങൾ ഏറ്റെടുക്കും. വാസ്തുശാസ്ത്രപ്രകാരം വീടുനിർമാണം തുടങ്ങും. ഹ്രസ്വകാലവിളകൾ ആരംഭിക്കും. കുടുംബസമേതം വിദേശത്തു സ്ഥിരതാമസമാക്കുന്നതിനെക്കുറിച്ച് ആലോചിക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)

• ഔദ്യോഗികമായി മുടങ്ങിക്കിടപ്പുള്ള സ്ഥാനമാനങ്ങൾ ലഭിക്കും. ഗുരുകാരണവന്മാരുടെ നിർദേശങ്ങൾ ഭാവിയിലേക്ക് ഉപകാരപ്രദമാകും. സഹപ്രവർത്തകരുടെ സഹായസഹകരണത്തിൽ വലിയ പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും. ഉത്തരവാദിത്തമില്ലാത്ത ഉദ്യോഗസ്ഥരെ പിരിച്ചുവിടുന്നതു വിവാദത്തിനു വഴിയൊരുക്കും. ഗതാഗതനിയമം ലംഘിച്ചതിനു പിഴ അടയ്ക്കേണ്ടിവരും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)

• അപേക്ഷകളിൽ പൂർണത പോരാത്തതിനാൽ ആനുകൂല്യങ്ങൾ നിരസിക്കപ്പെടും. കലാകായികരംഗങ്ങളിൽ വിചാരിച്ച അത്രയും നേട്ടമുണ്ടാക്കാൻ കഴിഞ്ഞെന്നുവരില്ല. വീടിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ പ്രതീക്ഷിച്ചതിലുപരി പണച്ചെലവ് അനുഭവപ്പെടും. ഉദ്യോഗമന്വേഷിച്ചുള്ള വിദേശയാത്ര വിഫലമാകും. പരസ്പരവിശ്വാസം നഷ്ടപ്പെട്ടതിനാൽ സംയുക്തസംരംഭങ്ങളിൽ നിന്നു പിന്മാറും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)

• ഗൃഹാതുരത്വം കാരണത്താൽ പട്ടണവാസം ഉപേക്ഷിക്കും. സമീപവാസികളുടെ ഉപദ്രവത്താൽ മാറിത്താമസിക്കും. അഭിപ്രായസമന്വയത്തിനു വിട്ടുവീഴ്ച വേണ്ടിവരും. പല ആരോഗ്യകാര്യങ്ങളിൽ വിദഗ്ധോപദേശം തേടും. ബന്ധുക്കൾക്കിടയിലുള്ള തർക്കങ്ങളിൽ മധ്യസ്ഥത വേണ്ടിവരും. സമർപ്പിക്കുന്ന പദ്ധതികൾക്ക് അന്തിമനിമിഷത്തിൽ അനുമതി ലഭിക്കും. ഭൂമിക്രയവിക്രയങ്ങളിൽ നേട്ടം കുറയും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)

• പ്രായോഗികവിജ്ഞാനം പ്രവർത്തനപുരോഗതിക്കു വഴിയൊരുക്കും. സാഹചര്യങ്ങളാൽ വേർപെട്ടു താമസിക്കുന്ന ദമ്പതികൾക്കു പുനസ്സമാഗമം സാധ്യമാകും. വർഷങ്ങൾക്കു ശേഷം ജന്മനാട്ടിലെ ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങളിൽ പങ്കെടുക്കുവാനിടവരും. പുതിയ വ്യാപാര വിപണന മേഖലകൾ ഏറ്റെടുക്കും. പഠിച്ച വിഷയത്തോടനുബന്ധമായ ഉദ്യോഗം ലഭിക്കും. വിദ്യാർഥികൾക്കും ഗവേഷകർക്കും അനുകൂലവിജയം ഉണ്ടാകും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)

• ഉപരിപഠനത്തിനു സ്വകാര്യ സ്വാശ്രയ വിദ്യാലയത്തെ ആശ്രയിക്കേണ്ടിവരും. അതിരു കടന്ന ആത്മവിശ്വാസം അബദ്ധങ്ങൾക്കു വഴിയൊരുക്കാതിരിക്കാൻ പ്രത്യേക കരുതൽ വേണം. സമചിത്തതയോടു കൂടിയ സമീപനശൈലി സ്വീകരിക്കണം. പ്രലോഭനങ്ങൾ പലതും വന്നുചേരുമെങ്കിലും അകപ്പെടാതെ സൂക്ഷിക്കണം. ദേഹാസ്വാസ്ഥ്യങ്ങൾ മൂലം

വിദേശ ഉദ്യോഗം ഉപേക്ഷിച്ച് ജന്മനാട്ടിലേക്കു തിരിച്ചുവരും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• ചെയ്യുന്ന കാര്യങ്ങൾ മനസ്സമാധാനത്തിനു വഴിയൊരുക്കും. ആപൽഘട്ടത്തിൽ നിന്നു ബന്ധുക്കളെ രക്ഷിക്കേണ്ടിവരും. കുടുംബത്തിൽ സമാധാന അന്തരീക്ഷം നിലനിൽക്കും. ജനപിന്തുണ കൂടും. അഭയം പ്രാപിച്ചു വരുന്നവർക്ക് ആശ്രയം നൽകുന്നതിൽ ആത്മാഭിമാനം തോന്നും. ധർമപ്രവൃത്തികളിലും പുണ്യപ്രവൃത്തികളിലും സഹകരിക്കും. വ്യാപാരത്തിൽ മാന്ദ്യം അനുഭവപ്പെടും. ജീവിതച്ചെലവ് നിയന്ത്രിക്കുന്ന കാര്യത്തിൽ ജാഗ്രത വേണം.

• • •

തിരുവോണം

ധനുമാസം (2024 ജനുവരി 14 വരെ)
• വിട്ടുവീഴ്ചമനോഭാവത്താൽ ദാമ്പത്യബന്ധം നിലനിൽക്കും. മനസ്സിനു വിഷമമുണ്ടാക്കുന്ന ചില സമീപനങ്ങൾ മക്കളിൽ നിന്ന് ഉണ്ടായേക്കാം. എങ്കിലും ഈശ്വരപ്രാർഥനകളാൽ അവയെയെല്ലാം അതിജീവിക്കും. നിയുക്തപദവിയിൽ നിന്നു സ്ഥാനചലനം വന്നുചേരും. അവസരങ്ങൾ കുറയുന്നതിനാൽ മനോവിഷമം തോന്നും. സംയുക്തസംരംഭത്തിൽ നിന്നു പിന്മാറും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• ചെയ്യുന്ന കാര്യങ്ങൾ ലക്ഷ്യപ്രാപ്തി നേടും. ഗൗരവമുള്ള വിഷയങ്ങൾ തന്നതായ അർഥമൂല്യങ്ങളോടു കൂടി ചെയ്യുന്നതിനാൽ ആത്മവിശ്വാസം കൂടും. തീവ്രമായ പ്രയത്നത്താലും ഏകാഗ്രചിന്തകളാലും ഈശ്വരപ്രാർഥനകളാലും പരീക്ഷണനിരീക്ഷണങ്ങളിൽ വിജയിക്കും.
കുടുംബത്തിലും ജോലിസ്ഥലത്തും സ്വസ്ഥതയും സമാധാനവും നിലനിർത്താൻ സാധിക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• സാമ്പത്തിക ആവശ്യങ്ങൾക്കു പലപ്പോഴും കടം വാങ്ങാനിടവരും. ദുരാചാരങ്ങളെ ഉപേക്ഷിച്ച് സദാചാരങ്ങളെ ജീവിതത്തിൽ പകർത്തുന്നത് ആത്മാഭിമാനത്തിനു വഴിയൊരുക്കും. വഞ്ചനയിൽപെടാതെ സൂക്ഷിക്കണം. സുരക്ഷിതമല്ലാത്ത സാമ്പത്തിക ഇടപാടുകളിൽ നിന്നു പിന്മാറുന്നതാണു നല്ലത്. സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിക്കും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• ആത്മാർഥസുഹൃത്തിനെ അബദ്ധത്തിൽ നിന്നു രക്ഷിക്കാൻ സാധിക്കും. ആശയവിനിമയങ്ങളിൽ അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ വേണം. വ്യക്തിപ്രഭാവത്താൽ ദുഷ്കീർത്തി നിഷ്പ്രഭമാകും. അപാകതകൾ പരിഹരിച്ച് വ്യവസായം പുനരാരംഭിക്കും. ദീർഘവീക്ഷണത്തോടുകൂടി ചെയ്യുന്ന കാര്യങ്ങൾ ലക്ഷ്യപ്രാപ്തി നേടും. മക്കളോടൊപ്പം തീർഥയാത്രകൾക്കു യോഗമുണ്ട്.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• സംഭവബഹുലമായ വിഷയങ്ങളെ അഭിമുഖീകരിക്കേണ്ടിവരും. പുതിയ കരാർ ജോലിയിൽ സാമ്പത്തികനേട്ടം കുറയും. വ്യവസ്ഥകൾ പാലിക്കാൻ അഹോരാത്രം പ്രവർത്തിക്കും. ഒന്നിൽ കൂടുതൽ പ്രവർത്തനമണ്ഡലങ്ങളിൽ ഏർപ്പെടേണ്ടിവരും.
പ [illegible] ു – [illegible] ണ്യതീർഥ ഉല്ലാസ വിനോദയാത്ര[illegible]ം ഉയരും.

കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• ആരോഗ്യസംരക്ഷണത്തിന്റെ ഭാഗമായി പ്രാണായാമവും വ്യായാമവും യോഗാഭ്യാസവും ശീലിക്കും. പറയുന്ന ആശയങ്ങളും ചെയ്യുന്ന കാര്യങ്ങളും അന്യർക്ക് ഉപകാരപ്രദമാകും. ഔദ്യോഗികതലത്തിൽ ചുമതലകളും യാത്രാക്ലേശവും കൂടും. സുനിശ്ചിതമായ കാര്യങ്ങളാണെങ്കിലും അകാരണ കാലതാമസം അനുഭവപ്പെടും. ഉപരിപഠനം പൂർത്തിയാക്കി നല്ല ഉദ്യോഗം ലഭിക്കും. ഉദ്ദേശിച്ച വിഷയത്തിൽ ഉപരിപഠനത്തിനു ചേരും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• വ്യാപാര വിപണനമേഖലകളിൽ മാന്ദ്യം ഉണ്ടാകും. വിദേശ ഉദ്യോഗം ലഭിക്കുമെങ്കിലും ശമ്പളം കൃത്യസമയത്തു ലഭിക്കാൻ കാലതാമസമനുഭവപ്പെടും. വൻതോതിൽ മുതൽമുടക്കിയുള്ള തൊഴിൽമേഖലകളിൽ നിന്നു പിന്മാറുകയാണു നല്ലത്. വാഗ്ദാനങ്ങൾ, അമിതമായ ആത്മവിശ്വാസം, പണം കടം കൊടുക്കുക, ജാമ്യം നിൽക്കുക, സാഹസപ്രവൃത്തികൾ തുടങ്ങിയവ ഒഴിവാക്കുന്നതാണു നല്ലത്.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• വർഷങ്ങൾക്കു ശേഷം സഹപാഠികളെ കാണാനും ഗതകാലസ്മരണകൾ പങ്കുവയ്ക്കാനും അവസരമുണ്ടാകും. മക്കളോടൊപ്പം പുണ്യതീർഥയാത്രകൾക്കു യോഗമുണ്ട്. ഉപദേശകസമിതിയിൽ അംഗത്വം ലഭിച്ചതിനാൽ ആത്മാഭിമാനം തോന്നും. ജീവിതഗതിയെ മാറ്റിമറിക്കുന്ന സംഭവങ്ങൾ വന്നുചേരുമെങ്കിലും യുക്തിപൂർവമുള്ള സമീപനത്താൽ ദുർഘടങ്ങളെ അതിജീവിക്കും.

• • •

അവിട്ടം

ധനുമാസം (2024 ജനുവരി 14 വരെ)
• ആശ്രയിച്ചുവരുന്നവർക്ക് അഭയം നൽകുന്നതിൽ ആത്മാഭിമാനം തോന്നും. ചിന്തകൾക്കതീതമായി കാര്യങ്ങൾ അനുഭവത്തിൽ വന്നുചേരുമെങ്കിലും അഹംഭാവം ഒഴിവാക്കണം. ഐശ്വര്യമുള്ള വീട്ടിലേക്കു മാറിത്താമസിക്കും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• കരാർ ജോലികളിൽ വിജയിക്കും. സർവർക്കും തൃപ്തിയായ നിലപാട് സ്വീകരിക്കും. സുരക്ഷിതത്വമുള്ള വ്യാപാരവ്യവസായമേഖലകൾക്കു പണം മുടക്കും. മത്സരങ്ങളിലും സമ്മാനപദ്ധതിയിലും വിജയിക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• അസുഖങ്ങളുടെ ഗുരുതരാവസ്ഥ തരണംചെയ്ത് പ്രവർത്തനരംഗങ്ങളിൽ സജീവസാന്നിധ്യമുണ്ടാകും. സ്വന്തം കാര്യങ്ങൾ ഉപേക്ഷിച്ച് പൊതുജന ആവശ്യങ്ങൾക്ക് പ്രവർത്തിക്കേണ്ടിവരും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• സങ്കുചിതചിന്തകൾ ഉപേക്ഷിച്ച് വിശാലമനോഭാവം സ്വീകരിക്കുന്നത് ഭാവിയിലേക്ക് ഉപകാരപ്രദമാകും. കഴിവിന്റെ പരമാവധി പ്രയത്നിക്കുമെങ്കിലും അനുഭവഫലം കുറയും. വിരോധങ്ങൾ വർധിക്കും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• ക്ഷമാശീലത്തോടുകൂടിയ പ്രതികരണം പ്രതികൂലസാഹചര്യങ്ങളെ തരണം ചെയ്യുവാൻ ഉപകരിക്കും. പറയുന്ന വാക്കുകൾ ഫലപ്രദമായ രീതിയിൽ അനുഭവത്തിൽ വന്നുചേരുന്നതിനാൽ ആശ്ചര്യമനുഭവപ്പെടും. കീഴ്ജീവനക്കാരെ നിയമിക്കും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• മക്കളുടെ സൽപ്രവൃത്തികളാൽ സന്തോഷവും ആത്മാഭിമാനവും തോന്നും. ഭാരതീയശാസ്ത്രങ്ങളിൽ താൽപര്യം കൂടും. തൊഴിൽമണ്ഡലങ്ങളിൽ പുരോഗതിയുണ്ടാകും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനിടവരും. തൊഴിൽ മേഖലകളിൽ പുരോഗതിയുണ്ടാകും. ഔദ്യോഗികചുമതലകൾ കൂടുമെങ്കിലും പിന്നീട് സുഗമമാകും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• പദ്ധതികൾക്ക് അംഗീകാരം ലഭിക്കും. പ്രവർത്തന ശൈലിയിൽ മാറ്റം വരുത്തും. വിദേശബന്ധമുള്ള വ്യാപാര വിപണനമേഖലകൾക്ക് തുടക്കം കുറിക്കും.

• • •

ചതയം

ധനുമാസം (2024 ജനുവരി 14 വരെ)
• പ്രായാധിക്യമുള്ളവരുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. മക്കൾക്ക് ആഡംബരങ്ങൾക്കു നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. വ്യാപാരത്തിൽ ക്രമാനുഗതമായ പുരോഗതിയുണ്ടാകും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• അവസരങ്ങൾ പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. വിശ്വസ്തസേവനത്തിന് പ്രശസ്തിപത്രം ലഭിക്കും. കീഴ്ജീവനക്കാരെ നിയമിക്കും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങൾക്ക് നേതൃത്വം നൽകുവാനിടവരും. വ്യവസായം നവീകരിക്കും. കുടുംബത്തിലെ പുതിയ തലമുറയിലുള്ളവരുടെ അനൈക്യത്താൽ മാറിത്താമസിക്കും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• വ്യാപാര വ്യവസായ വിപണന മേഖലകളിൽ പുരോഗതിയുണ്ടാകുമെങ്കിലും സാമ്പത്തികനേട്ടം കുറയും. പുനഃപരീക്ഷയിൽ വിജയശതമാനം കൂടും. ആരോപണങ്ങളെ അതിജീവിക്കും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• ഏറ്റെടുത്ത ജോലികൾ സമയപരിധിക്കുള്ളിൽ ചെയ്തുതീർക്കുവാൻ സാധിക്കും. പൂർവികസ്വത്ത് രേഖാപരമായി കിട്ടും. സന്താനഭാഗ്യമുണ്ടാകും. സ്വതന്ത്രമായി തൊഴിൽമേഖല തുടങ്ങും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• സാമ്പത്തികസ്ഥിതി മെച്ചപ്പെടും. നിക്ഷേപസമാഹരണയജ്ഞത്തിൽ ലക്ഷ്യപ്രാപ്തി നേടും. ജന്മസിദ്ധമായ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം വന്നുചേരും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• അലസതയും ഉദാസീനമനോഭാവവും കൂടും. അഭയം പ്രാപിച്ചു വരുന്നവർക്ക് ആശ്രയം നൽകുന്നതിൽ ആത്മാഭിമാനം തോന്നും. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് സഹകരിക്കും. അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• സംയുക്തസംരംഭങ്ങളിൽ നിന്നു പിന്മാറി പുതിയ സംരംഭത്തിനു തുടക്കം കുറിക്കും. വഞ്ചനയിൽ അകപ്പെടാതെ സൂക്ഷിക്കണം. ഉദ്യോഗമുപേക്ഷിച്ച് മറ്റൊന്നിന് ശ്രമിക്കും. വ്യാപാര വിപണന വിതരണ മേഖലകളിൽ ക്രമാനുഗതമായ പുരോഗതിയുണ്ടാകും. കാര്യനിർവഹണശേഷി, ഉത്സാഹം, ഉന്മേഷം തുടങ്ങിയവ പ്രവർത്തനക്ഷമതയ്ക്കു വഴിയൊരുക്കും.

•••

പൂരുരുട്ടാതി

ധനുമാസം (2024 ജനുവരി 14 വരെ)
• ഇച്ഛാ, ജ്ഞാനം, ക്രിയാശക്തികൾ സമന്വയിപ്പിച്ചു ചെയ്യുന്ന കാര്യങ്ങൾ എല്ലാം വിജയിക്കും. വ്യാപാര വ്യവസായ വിപണനമേഖലകളിൽ പ്രതീക്ഷിച്ചതിലുപരി പുരോഗതി ഉണ്ടാകും. സങ്കീർണമായ പ്രശ്നങ്ങളെ ലാഘവത്തോടുകൂടി നേരിടും. കലാകായികരംഗങ്ങൾ തുടങ്ങിയവയിൽ അനുകൂലസാഹചര്യം വന്നുചേരും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• അസൂയാലുക്കളുടെ കുപ്രചരണത്താൽ മനോവിഷമം തോന്നും. പ്രാണായാമവും വ്യായാമവും ശീലിക്കും. സുഹൃത്ബന്ധങ്ങൾക്ക് നിയന്ത്രണങ്ങൾ വേണ്ടിവരും. ഉദ്യോഗമാറ്റമുണ്ടാകും. മാതാപിതാക്കളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി തൊഴിൽ ക്രമീകരിക്കും. ധർമത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനാൽ ആത്മനിർവൃതിയുണ്ടാകും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• പുത്രപൗത്രാദികളുടെ ആവശ്യങ്ങൾക്കായി വിദേശത്തേക്കു പോകാൻ സാധിക്കും. വാഹനാപകടത്തിൽ നിന്നു രക്ഷപ്പെടും. പ്രതിസന്ധികളിൽ തളരാതെ പ്രവർത്തിക്കാനുള്ള ആത്മവിശ്വാസമുണ്ടാകും. പരീക്ഷണനിരീക്ഷണങ്ങളിൽ വിജയവു ബഹുമതിയും ലഭിക്കും. സമ്മാനപദ്ധതിയിലും നറുക്കെടുപ്പിലും വിജയിക്കും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• ബൃഹത്പദ്ധതി രൂപകൽപന ചെയ്യുവാനും അവലംബിക്കുവാനും യോഗമുണ്ട്. സുതാര്യതയുള്ള സമീപനത്താൽ അടിസ്ഥാനരഹിതമായ ആരോപണങ്ങളെ അതിജീവിക്കും. അഭയം പ്രാപിച്ചുവരുന്നവർക്ക് അഭയം നൽകും. മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനിടവരും. ഉല്ലാസ വിനോദയാത്രകൾക്ക് അവസരം ലഭിക്കും. ദമ്പതികൾക്ക് ഒരുമിച്ച് താമസിക്കാൻ തക്കവണ്ണം ഉദ്യോഗമാറ്റമുണ്ടാകും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• സാമ്പത്തികനേട്ടം കുറയും. പുനഃപരീക്ഷയിൽ വിജയശതമാനം കൂടും. സംയുക്തസംരംഭങ്ങളിൽ നിന്നു പിന്മാറി സ്വതന്ത്രമായി തൊഴിൽമേഖല തുടങ്ങും. പ്രയത്നങ്ങൾക്കും പരിശ്രമങ്ങൾക്കും അനുഭവഫലം കുറയും. പണം കൈകാര്യം ചെയ്യുന്നതിൽ വളരെ ശ്രദ്ധിക്കണം സാമ്പത്തികപരാധീനതകൾ പരിഹരിക്കാൻ ഏറെ ബുദ്ധിമുട്ടേണ്ടിവരും. ആചാരമര്യാദകൾ പാലിക്കുന്നതിൽ ആത്മാഭിമാനവും അനുമോദനങ്ങളും ഉണ്ടാകും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• ഗൃഹനിർമാണം പൂർത്തിയാകും. അദൃശ്യമായ ഈശ്വരസാന്നിധ്യത്താൽ ആശ്ചര്യമനുഭവപ്പെടും. പാരമ്പര്യപ്രവൃത്തികളിൽ വ്യാപൃതനാകുന്നതിനാൽ മാതാപിതാക്കൾക്ക് സന്തോഷമുണ്ടാകും. സ്വയം തീരുമാനിച്ച പ്രണയബന്ധത്തിൽ നിന്നു പിന്മാറി രക്ഷിതാക്കൾ നിർദ്ദേശിക്കുന്ന വിധത്തിൽ വിവാഹമുണ്ടാകും. ചെലവ് കൂടുന്നതിനാൽ കടം വാങ്ങേണ്ടതായിവരും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• അതിശയോക്തി കലർന്ന സംസാരശൈലിയിൽ ബന്ധുവിനെ സംശയിക്കാനിടവരും. ആഭരണവും വാഹനവും മാറ്റിവാങ്ങും. അശരണരായവർക്ക് ആശ്രയം നൽകുന്നതിൽ ആത്മസംതൃപ്തി തോന്നും. വിഭാവനം ചെയ്ത പദ്ധതികൾ പ്രാവർത്തികമാക്കുവാൻ അവസരമുണ്ടാകും. ആത്മവിശ്വാസം കൂടും. വിദ്യാർഥികൾക്കും ഗവേഷകർക്കും ശാസ്ത്രജ്ഞർക്കും അനുകൂലവിജയം ഉണ്ടാകും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• മേലധികാരിയുടെ സ്വകാര്യവിഷയങ്ങളിൽ അഭിപ്രായം പറയുവാനിടവരും. ഉത്സാഹത്തോടു കൂടിയ സമീപനശൈലി മറ്റുള്ളവർക്ക് അസൂയയ്ക്ക് വഴിയൊരുക്കും. ഒരുപരിധിയിലധികം പണം മുടക്കിയുള്ള പ്രവൃത്തികളിൽ നിന്നു പിന്മാറുകയാണ് നല്ലത്. സജ്ജനസംസർഗത്താൽ പരോപദ്രവബുദ്ധി ഉപേക്ഷിക്കും. പരോപകാരം ചെയ്യാനുള്ള മനഃസ്ഥിതി ഉണ്ടാകും.

• • •

ഉത്തൃട്ടാതി

ധനുമാസം (2024 ജനുവരി 14 വരെ)
• ദീർഘവീക്ഷണത്തോടുകൂടി ചെയ്യുന്ന കാര്യങ്ങൾ അനുഭവത്തിൽ വന്നുചേരും. അഭയം പ്രാപിച്ചു വരുന്നവർക്ക് ആശ്രയം നൽകും. ആധ്യാത്മിക ആത്മീയപ്രഭാഷണങ്ങൾ മനസ്സമാധാനത്തിനു വഴിയൊരുക്കും. ഭൂമിവില്പന സാധ്യമാകും. വ്യവസായം നവീകരിക്കും. സൽകീർത്തിയും സജ്ജനപ്രീതിയും ആത്മസാക്ഷാൽക്കാര വും ഉണ്ടാകും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)
• വിഭാവനം ചെയ്ത പദ്ധതികൾ പ്രവർത്തികമാക്കാൻ സാധിക്കും. തൊഴിൽമേഖലകളിൽ നേട്ടം കൈവരും. വെല്ലുവിളികളെ നിഷ്പ്രയാസം നേരിടുവാൻ സാധിക്കും. ബന്ധുക്കൾതമ്മിലുള്ള തർക്കം പരിഹരിക്കും. പൊതുജനപ്രീതി നേടും. കുടുംബജീവിതത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യസൗഖ്യവും ഉണ്ടാകും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)
• വിദേശയാത്രയ്ക്കു തയാറാകും. സഹൃദയസദസ്സിൽ ആദരവുണ്ടാകും.

ഭരണസംവിധാനം വിപുലമാക്കുവാൻ കഴിവുള്ളവരെ നിയമിക്കും. കുടുംബാംഗങ്ങളോടൊപ്പം താമസിക്കുവാൻ തക്കവണ്ണം തൊഴിൽ ക്രമീകരിക്കും. ദുശ്ശീലങ്ങൾ ഉപേക്ഷിച്ച് നല്ല ശീലങ്ങൾ ജീവിതത്തിൽ പകർത്തുവാൻ തയാറാകും. ദേവാലയദർശനം നടത്തി മുടങ്ങിക്കിടപ്പുള്ള വഴിപാടുകൾ ചെയ്തുതീർക്കും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)
• നിർധനരായവർക്ക് സാമ്പത്തികസഹായം ചെയ്യുവാനിടവരും. ആശയവിനിമയങ്ങളിൽ അപാകതകൾ ഉണ്ടാവാതെ ശ്രദ്ധിക്കണം. വ്യക്തിപ്രഭാവത്താൽ ദുഷ്കീർത്തി നിഷ്പ്രഭമാകും. ഗതാഗതനിയമം ലംഘിച്ചതിനാൽ പിഴ അടയ്ക്കേണ്ടിവരും. ബാഹ്യപ്രേരണകൾ പലതും വന്നുചേരുമെങ്കിലും വിദഗ്ധനിർദേശം സ്വീകരിക്കാതെ പ്രതികരണം അരുത്. കുടുംബാംഗങ്ങളിൽ നിന്നുള്ള പ്രശ്നം കാരണം മാറി താമസിക്കും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)
• പൂർണത പോരാത്തതിനാൽ അപേക്ഷകൾ നിരസിക്കപ്പെടും. വഞ്ചനയിൽ അകപ്പെടാതെ സൂക്ഷിക്കണം. ഉദ്യോഗമന്വേഷിച്ചുള്ള വിദേശയാത്ര വിഫലമാകും. പരസ്പരവിശ്വാസം നഷ്ടപ്പെട്ടതിനാൽ സംയുക്തസംരംഭത്തിൽ നിന്നു പിന്മാറും. അശ്രദ്ധകൊണ്ട് അബദ്ധങ്ങൾ പറ്റാതിരിക്കാൻ ജാഗ്രത വേണം.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)
• ചെറിയ തോതിൽ പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടിവരും. പലപ്പോഴും സഹപ്രവർത്തകരുടെയും കീഴ്ജീവനക്കാരുടെയും ജോലി കൂടി ചെയ്യേണ്ട സാഹചര്യമുണ്ടാകും. അപ്രധാനങ്ങളായ കാര്യങ്ങളിൽ അനാവശ്യമായി ആലോചിയ്ക്കുന്ന പ്രവണത ഒഴിവാക്കണം. ഉദ്യോഗമാറ്റമുണ്ടാകും. മേലധികാരിയുടെ ദുസ്സംശയങ്ങൾക്കു വിശദീകരണം നൽകേണ്ടിവരും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)
• ഔദ്യോഗികമായി മുടങ്ങിക്കിടപ്പുള്ള സ്ഥാനമാനങ്ങൾ ലഭിക്കും. പുരാണം, ഇതിഹാസം, ഭാരതീയ ശാസ്ത്രങ്ങൾ, ആധ്യാത്മികം തുടങ്ങിയവയിൽ താല്പര്യം കൂടും. ദാമ്പത്യ ഐക്യത്തിനായി വിട്ടുവീഴ്ചമനോഭാവം വേണ്ടിവരും. നഷ്ടപ്പെട്ടു എന്നു കരുതുന്ന രേഖകളും ആഭരണങ്ങളും തിരിച്ചുകിട്ടും. യുക്തിപൂർവമുള്ള സമീപനത്താൽ പ്രലോഭനങ്ങളെ അതിജീവിക്കും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)
• സഹോദരങ്ങളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും സഹായസഹകരണങ്ങൾ വന്നുചേരുന്നത് ആശ്വാസകരമാകും. നിയുക്തപദവിക്കു സ്ഥാനചലനം വന്നുചേരും. അവസരങ്ങൾ കുറയുന്നതിനാൽ മനോവിഷമം തോന്നും. സ്വയം തീരുമാനിച്ച പ്രണയബന്ധത്തിൽ നിന്നു പിന്മാറി രക്ഷിതാക്കൾ നിർദേശിക്കുന്ന വിധത്തിൽ വിവാഹമുണ്ടാകും. ചെലവു കൂടുന്നതിനാൽ കടം വാങ്ങേണ്ടിവരും.

• • •

രേവതി

ധനുമാസം (2024 ജനുവരി 14 വരെ)
• പ്രായാധിക്യമുള്ളവരുടെ ആവശ്യങ്ങൾ നിർവഹിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും. മക്കൾക്ക് ആഡംബരങ്ങൾക്കു നിയന്ത്രണങ്ങൾ ഏർപ്പെടുത്തും. വാക്കുകളിൽ അബദ്ധമുണ്ടാവാതെ സൂക്ഷിക്കണം. സഹായം ചെയ്തു

കൊടുത്തവരിൽ നിന്നു പ്രത്യുപകാരം വന്നുചേരും. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് സഹകരിക്കും. സാമ്പത്തികപ്രതിസന്ധി തരണംചെയ്യും. അനുബന്ധവ്യാപാരത്തിൽ ക്രമാനുഗതമായ പുരോഗതിയുണ്ടാകും.

മകരമാസം (2024 ജനുവരി 15 – ഫെബ്രുവരി 13)

• അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ സാധിക്കും. വിശ്വസ്തസേവനത്തിന് പ്രശസ്തിപത്രം ലഭിക്കും. വ്യാപാരവിതരണസമ്പ്രദായം വിപുലമാക്കുവാൻ കാര്യനിർവ്വഹണശക്തി, ഉത്സാഹം, ഉന്മേഷം തുടങ്ങിയവ പ്രവർത്തനക്ഷമതയ്ക്കു വഴിയൊരുക്കും. മഹദ് വ്യക്തികളുടെ ആശയങ്ങൾ ജീവിത്തിൽ പകർത്തുവാനിടവരും. കുടുംബാംഗങ്ങളെ ജന്മനാട്ടിൽ താമസിപ്പിച്ച് വിദേശ ഉദ്യോഗം തുടരും. വേണ്ടപ്പെട്ടവർ വിരോധികളായിത്തീരും.

കുംഭമാസം (2024 ഫെബ്രുവരി 14 – മാർച്ച് 13)

• ആരാധനാലയത്തിലെ ഉത്സവാഘോഷങ്ങൾക്ക് നേതൃത്വം നൽകുവാനിടവരും. വ്യവസായം നവീകരിക്കും. കുടുംബത്തിലെ പുതിയ തലമുറയിലുള്ളവരുടെ അനൈക്യത്താൽ മാറിത്താമസിക്കും. സാമ്പത്തിക ആവശ്യങ്ങൾക്ക് പലപ്പോഴും കടം വാങ്ങുവാനിടവരും. ദുരാചാരങ്ങളെ ഉപേക്ഷിച്ച് സദാചാരങ്ങളെ ജീവിതത്തിൽ പകർത്തുന്നത് ആത്മാഭിമാനത്തിന് വഴിയൊരുക്കും. അർഹതയുള്ളവരെ അംഗീകരിക്കുന്നതിൽ ആത്മസംതൃപ്തിയുണ്ടാകും.

മീനമാസം (2024 മാർച്ച് 14 – ഏപ്രിൽ 13)

• വ്യ‍ ‍ ൃ– ാപാര വ്യവസായ വിപണന മേഖലകളിൽ പുരോഗതിയുണ്ടാകുമെങ്കില സാമ്പത്തികനേട്ടം കുറയും. പുനഃപരീക്ഷയിൽ വിജയശതമാനം കൂടും. സുതാര്യതയുള്ള സമീപനത്താൽ അടിസ്ഥാനരഹിതമായ ആരോപണങ്ങളെ അതിജീവിക്കും. സമ്മാന പദ്ധതിയിലും നറുക്കെടുപ്പിലും വിജയിക്കും. പ്രതിസന്ധികളിൽ തളരാതെ പ്രവർത്തിക്കാനുള്ള ആത്മവിശ്വാസമുണ്ടാകും. ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിൽ നിർബന്ധിതനാകും. പരോപകാരം ചെയ്യാനുള്ള മനഃസ്ഥിതി ഉണ്ടാകും.

മേടമാസം (2024 ഏപ്രിൽ 14 – മേയ് 14)

• വാഹനം മാറ്റി വാങ്ങുവാനിടവരും. പദ്ധതിസമർപ്പണത്തിൽ വിജയിക്കും. വിദേശത്ത് സ്ഥിരതാമസമാക്കുവാനുള്ള അനുമതി ലഭിക്കും. യുക്തമായ നിർദേശം തേടി പ്രവർത്തനരംഗങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തും. അനുബന്ധവ്യാപാരത്തിൽ ക്രമാനുഗതമായ പുരോഗതിയുണ്ടാകും. പുത്രപൌത്രാദിസംരക്ഷണത്താൽ ആശ്വാസമുണ്ടാകും. വിശ്വസ്ത സേവനത്തിന് പ്രശസ്തിപത്രം ലഭിക്കും.

ഇടവമാസം (2024 മേയ് 15 – ജൂൺ 14)

• വ്യാപാരവിതരണസമ്പ്രദായം വിപുലമാക്കുവാൻ കർമ്മോത്സുകരായവരെ നിയമിക്കും ഇച്ഛ ാ-ജ്ഞ ാന ക്രിയാശക്തികൾ സമന്വയിപ്പിച്ചു ചെയ്യുന്നകാര്യങ്ങൾ ഫലപ്രദമാകും കാര്യനിർവ്വഹണശക്തി, ഉത്സാഹം, ഉന്മേഷം തുടങ്ങിയവ പ്രവർത്തനക്ഷമതയ്ക്കു വഴിയൊരുക്കും. സാമ്പത്തികസ്ഥിതി മെച്ചപ്പെടും. നിക്ഷേപസമാഹരണയജ്ഞത്തിൽ ലക്ഷ്യ പ്രാപ്തിനേടും. കരാറുജോലികൾ കൃത്യതയോടുകൂടി ചെയ്തുതീർക്കുവാനും പുതിയത് ഏറ്റെടുക്കുവാനും യോഗമുണ്ട്. അധികാരപരിധി വർധിച്ചതിനാൽ കീഴ്ജീവനക്കാരെ നിയമിക്കും.

മിഥുനമാസം (2024 ജൂൺ 15 – ജൂലൈ 15)

• പൂർവികസ്വത്ത് മക്കൾക്ക് ഭാഗം വച്ചുനൽകുവാനിടവരും. വസ്തുനിഷ്ഠമായ സമീപനം

വ്യക്തമായ തീരുമാനങ്ങൾക്ക് വഴിയൊരുക്കും. മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനിടവരും. തൊഴിൽ മേഖലകളിൽ പുരോഗതിയുണ്ടാകും. മക്കളുടെ സത്പ്രവൃത്തികളാൽ സന്തോഷവും ആത്മാഭിമാനവും തോന്നും. ഭാരതീയ ശാസ്ത്രങ്ങളിൽ താല്പര്യം കൂടും.

കർക്കടകമാസം (2024 ജൂലൈ 16 – ഓഗസ്റ്റ് 16)

- ഉയർന്ന പദവിയോടുകൂടിയ ഉദ്യോഗം ലഭിച്ചതിനാൽ കുടുംബാംഗങ്ങളെ ഒരുമിച്ചുതാമസിപ്പിക്കാൻ കഴിയും. നിക്ഷേപമെന്നനിലയിൽ ഭൂമിയോ ഗൃഹമോ വാങ്ങുവാനിടവരും. പഠിച്ച വിദ്യ പ്രാവർത്തികമാക്കുവാൻ സാധിക്കും. ആസൂത്രിതപദ്ധതിയിൽ അനുകൂലവിജയമുണ്ടാകും. പൊതുപ്രവർത്തനങ്ങളിൽ ശോഭിക്കും. നഷ്ടപ്പെട്ടു എന്നുകരുതുന്ന ആഭരണം തിരിച്ചുലഭിക്കും. പ്രതികൂലസാഹചര്യങ്ങളെ നിഷ്പ്രയാസം തരണം ചെയ്യും. സുതാര്യക്കുറവിനാൽ സംയുക്തസംരംഭങ്ങളിൽ നിന്നു പിന്മാറും. മനസ്സമാധാനമുണ്ടാകും.